VOL NO: 10 I ISSUE 26

# നേർപഥം വാരിക



www.nerpatham.com I mail@nerpatham.com
2026 JUNE 27 I ₹10

# ലിപ്സ്റ്റിക്: ചുണ്ടുകളെ ചതിക്കുന്ന ചായങ്ങൾ

ഗോസിപ്പുകാരുടെ വാനിറ്റി കിറ്റിൽ നിന്ന് സ്കൂൾ ബാഗിലേക്കുള്ള ലിപ്സ്റ്റിക്കിന്റെ പ്രയാണ ചരിത്രത്തിന് എറെ പഴക്കമില്ല. അംഗുലീ പരിമിത ഉയരമുള്ള കേവലമൊരു സൗന്ദര്യവർധക വസ്തു എന്നതിനപ്പുറം അപകർഷകതാബോധത്തിന്റെ നാലാൾപൊക്കത്തെയാണ് ലിപ്സ്റ്റിക് പലപ്പോഴും പ്രതിനിധീകരിക്കുന്നത്. കൾച്ചറൽ ട്രാൻസ്ഫോർമേഷൻ മാത്രമല്ല, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളെയും ക്ഷണിച്ച് വരുത്തുന്നുണ്ട് ഇന്നത്തെ ലിപ്സ്റ്റിക് സംസ്കാരം.

## ശീഇസം-ഇസ്ലാം: ഒരു ദാർശനിക വിശകലനം

## മതത്തിലെ തീവ്രത; ആത്മനാശത്തിന്റെ വഴി

## മയ്യിത്തിനു വേണ്ടിയുള്ള കൂലി ഓത്തിനും പ്രമാണമോ?

ഡോ. ഷഹബാസ് കെ അബ്ബാസ് ● ഡോ. റസീല ● ഷാഹിൻ പയ്യോളി




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

# 492

# നേർപഥം വാരിക

2026 ജൂൺ 27
1448 മുഹർറം 12
പുസ്തകം 10 / ലക്കം 26



Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**


Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**





കവർ സ്റ്റോറി




ഡോ. ഷഹബാസ് കെ അബ്ബാസ്

ഗോസിപ്പുകാരുടെ വാനിറ്റി കിറ്റിൽ നിന്ന് സ്കൂൾ ബാഗിലേക്കുള്ള ലിപ്സ്റ്റിക്കിന്റെ പ്രയാണ ചരിത്രത്തിന് എറെ പഴക്കമില്ല. അംഗുലി പരിമിത ഉയരമുള്ള കേവലമൊരു സൗന്ദര്യവർധക വസ്തു എന്നതിനപ്പുറം അപകർഷകതാബോധത്തിന്റെ നാലാൾപൊക്കത്തെയാണ് ലിപ്സ്റ്റിക് പലപ്പോഴും പ്രതിനിധീകരിക്കുന്നത്. കൾച്ചറൽ ട്രാൻസ്ഫോർമേഷൻ മാത്രമല്ല, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളെയും ക്ഷണിച്ച് വരുത്തുന്നുണ്ട് ഇന്നത്തെ ലിപ്സ്റ്റിക് സംസ്കാരം.


**05** മുഖമൊഴി
ഇരുട്ടിനെ ഇരുട്ടുകൊണ്ട് മാറ്റാൻ കഴിയുമോ?

**06** ആരോഗ്യപഥം
ശരീരത്തെയും മനസ്സിനെയും കൊല്ലുന്ന സൗന്ദര്യവർധക വസ്തുക്കൾ
ഡോ. റസീല ചേർക്കുന്നത്ത്

**16** ലേഖനം
ശീഇസം-ഇസ്‌ലാം: ഒരു ദാർശനിക വിശകലനം
ഡോ. ടി. കെ. യൂസുഫ്

**18** ലേഖനം
ബലികർമവും ബാലിശമായ ആരോപണങ്ങളും
ഡോ. ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

**20** ലേഖനം
യു.ഡി.എഫ് മാനിഫെസ്റ്റോയും കേരളത്തിലെ വിദ്യാഭ്യാസ ഭാവിയും
സി മുഹമ്മദ് അജ്മൽ

**24** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** വിമർശനം
മയ്യിത്തിനു വേണ്ടിയുള്ള കൂലി ഓത്തിനും പ്രമാണമോ?
മൂസ സ്വലാഹി കാര

**30** കഥ
കനംതൂങ്ങുന്ന ഓർമകൾ
വി.ടി. അബ്ദുൽ സലാം

**32** നമുക്കുചുറ്റും
ആഭാസങ്ങളുടെ അരങ്ങാകുന്ന വിവാഹവേദി
നസീമ വാടാനപ്പള്ളി

**33** ലേഖനം
മതത്തിലെ തീവ്രത; ആത്മനാശത്തിന്റെ വഴി
ഷാഹിൻ പയ്യോളി

**34** കവിത
ഇൻ ശാ അല്ലാഹ്
റസീന വെളിയങ്കോട്



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ലഹരി വ്യാപനത്തിനെതിരെയുള്ള സർക്കാർ നീക്കം സ്വാഗതാർഹം:
## വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കോഴിക്കോട്: സംസ്ഥാനത്തെ ലഹരി വ്യാപനത്തിനെതിരെയുള്ള സർക്കാർ നീക്കം സ്വാഗതാർഹമാണെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ കൗൺസിൽ. കോഴിക്കോട്ട് നടന്ന സംസ്ഥാന ജനറൽ കൗൺസിൽ വിസ്ഡം പണ്ഡിതസഭ ചെയർമാൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു

ലഹരി ഉപയോഗം സംസ്ഥാനത്തെ കലാലയങ്ങളിൽ വ്യാപകമാവുകയും കച്ചവടങ്ങൾക്ക് കോളേജ് വിദ്യാർഥിനികളെ പോലും ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ 'തൂഫാൻ' എന്ന പേരിൽ സർക്കാർ പ്രഖ്യാപിച്ച ഓപ്പറേഷനുകൾക്ക് എല്ലാവരും പിന്തുണ നൽകണമെന്നും ജനറൽ കൗൺസിൽ ആവശ്യപ്പെട്ടു.

അതിക്രമങ്ങൾക്കും കുടുംബ ശൈഥില്യങ്ങൾക്കും ഇടയാക്കുന്ന ലഹരി ഉപയോഗത്തിനെതിരെ യുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ക്യാംപസുകളിൽ ശക്തമാക്കണം. സമൂഹത്തിന്റെ ഭാവി തലമുറയെ നശിപ്പിക്കുന്ന മാഫിയാ സംഘങ്ങൾക്കെതിരെ യോജിച്ച മുന്നേറ്റം ശക്തമാക്കണം. സംസ്ഥാന സർക്കാറിന്റെ പ്രഥമ ബഡ്ജറ്റ് സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ളതാണെങ്കിലും, ബഡ്ജറ്റ് നിർദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനാവശ്യമായ സാമ്പത്തിക നീക്കിയിരുപ്പ് സംബന്ധിച്ച് സർക്കാർ വ്യക്തത വരുത്തണമെന്നും സംസ്ഥാന ജനറൽ കൗൺസിൽ ആവശ്യപ്പെട്ടു.

വീര്യം കുറഞ്ഞ മദ്യത്തിന് കുറഞ്ഞ നികുതി ബഡ്ജറ്റ് നിർദേശം പിൻവലിക്കണം. എല്ലാതരം ലഹരി വസ്തുക്കൾക്കും കടുത്ത നികുതി ചുമത്തി ഘട്ടം ഘട്ടമായി ഉപയോഗം കുറക്കാനുള്ള നീക്കമാണ് സർക്കാറിന്റെ ഭാഗത്ത് നിന്നുണ്ടാകേണ്ടത്. തിരഞ്ഞെടുപ്പ് കാലയളവിൽ പി എം ശ്രീ പദ്ധതി സംബന്ധിച്ച് യുഡിഎഫ് ഉയർത്തിയ നിലപാടുകളിൽ ഉറച്ചു നിൽക്കാൻ ജനറൽ കൗൺസിൽ സംസ്ഥാന സർക്കാറിനോട് ആവശ്യപ്പെട്ടു.

രാജ്യത്തിന്റെ വികസനത്തിനുള്ള ഫണ്ട് ഉപാധികളോടെ മാത്രം ലഭ്യമാക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം രാജ്യത്തിന്റെ പൊതുനയത്തിനും, കീഴ്‌വഴക്കങ്ങൾക്കും എതിരാണെന്നും വികസന ഫണ്ട് തടഞ്ഞ് വെക്കുന്നത് നിയമവ്യവസ്ഥയോടും ജനാധിപത്യത്തോടുമുള്ള വെല്ലുവിളിയാണെന്നും കൗൺസിൽ അഭിപ്രായപ്പെട്ടു. സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടിന് രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള ഉപാധികൾ വെക്കുന്നതിനെതിരെ നിയമപോരാട്ടത്തിന് സംസ്ഥാന സർക്കാർ തയ്യാറാകണമെന്നും ജനറൽ കൗൺസിൽ ആവശ്യപ്പെട്ടു.

സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അശ്റഫ്, വൈസ് പ്രസിഡന്റുമാരായ ഹാരിസ് ബിൻ സലീം, അബൂബക്കർ സലഫി, ഫൈസൽ മൗലവി, ശരീഫ് ഏലാങ്കോട്, സെക്രട്ടറിമാരായ നാസിർ ബാലുശ്ശേരി, അബ്ദുൽ മാലിക് സലഫി, നബീൽ തെക്കരകത്ത്, ഡോ. ഷാനവാസ് സുല്ലമി, അബ്ദുല്ല ഫാസിൽ, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് ടി.കെ.നിഷാദ് സലഫി, ജനറൽ സെക്രട്ടറി ഡോ. ബഷീർ വി.പി, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡന്റ് മുഹമ്മദ് ശമീൽ, ജനറൽ സെക്രട്ടറി സ്വഫ്‌വാൻ ബറാമി അൽഹികമി, ലജ്ന കൺവീനർ ഹംസ മദീനി, പി.എം. ഷാഹുൽ ഹമീദ്; വിവിധ ജില്ലകളെ പ്രതിനിധീകരിച്ച് നസീർ കൊല്ലായിൽ, നിസാർ കണ്ടത്തിൽ, സൈദ് മുഹമ്മദ് തടിക്കാട്, ജാബിർ വി. മൂസ, കമറുദ്ദീൻ എറണാകുളം, ഷംസുദ്ദീൻ അടിമാലി, ബഷീർ കണ്ടത്തിൽ, ഷമീൽ എൻ.എ.കോട്ടയം, അൻവർ അബൂബക്ർ, ഹംസക്കുട്ടി സലഫി, റഷീദ് കൊടക്കാട്ട്, അബൂബക്കർ ഉപ്പള, ജംഷീർ. പി.സി, ബഷീർ.വി.ടി, അബ്ദുറസാഖ് കൂട്ടിൽ, ടി.പി. അബ്ദുൽ അസീസ്, അൻവർ സ്വലാഹി, അബ്ദുറഹ്മാൻ മുട്ടിൽ, റഷീദ് മാസ്റ്റർ കാരപ്പുറം, അബ്ദുൽ വഹാബ് സ്വലാഹി, അബ്ദുറഹ്മാൻ മദനി, ഹുസൈൻ കാവനൂർ, ഹനീഫ ഓടക്കൽ, യു. മുഹമ്മദ് മദനി, അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി, അബ്ദുസ്സമദ് പുറങ്ങ്, എൻ.എം. മുഹമ്മദലി എന്നിവർ പ്രസംഗിച്ചു. ■

# ഇരുട്ടിനെ ഇരുട്ടുകൊണ്ട് മാറ്റാൻ കഴിയുമോ?

തിന്മയെ മറ്റൊരു തിന്മകൊണ്ട് തോൽപിക്കാൻ കഴിയില്ല; ഇരുട്ടിനെ ഇരുട്ടുകൊണ്ട് മാറ്റാൻ കഴിയാത്തതുപോലെ. ഇരുട്ടകറ്റാൻ വെളിച്ചം വേണം, അതുപോലെ തിന്മയെ കീഴടക്കാൻ നന്മയ്ക്ക് മാത്രമെ സാധിക്കൂ.

പണ്ട് ഒരു ഗ്രാമത്തിൽ വലിയൊരു മാന്തോപ്പുള്ള ഒരു സമ്പന്നനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മാന്തോപ്പിൽ നിറയെ മധുരമുള്ള മാമ്പഴങ്ങൾ കായ്ച്ചു നിന്നിരുന്നു. ഒരു ദിവസം ഒരു യുവാവ് അതിനരികിലൂടെ നടന്നു പോകവെ ഒരു പക്ഷിക്കുഞ്ഞ് താഴെ വീണ് കരയുന്നത് കണ്ടു. യുവാവ് അതിനെയെടുക്കാൻ തോട്ടത്തിൽ കയറിയത് കാവൽക്കാരൻ കണ്ടു. അയാൾ 'കള്ളൻ...കള്ളൻ' എന്നു വിളിച്ച് ആളെക്കൂട്ടി. ഞാൻ കള്ളനല്ലെന്ന് അവൻ വിളിച്ചു പറഞ്ഞെങ്കിലും ആരുമത് സമ്മതിച്ചില്ല. എല്ലാവരും ചേർന്ന് അവനെ മർദിക്കുകയും അപമാനിക്കുകയും ചെയ്തു.

ഏതാനും മാസം കഴിഞ്ഞപ്പോൾ നാട്ടിൽ വലിയൊരു പ്രളയമുണ്ടായി. പുഴയുടെ അടുത്ത് താമസിച്ചിരുന്ന തോട്ടം കാവൽക്കാരന്റെ വീട് പൂർണമായും തകർന്നു. അയാൾ ഭാര്യയോടും കുട്ടികളോടുമൊപ്പം ഒരു കടത്തിണ്ണയിൽ അഭയം തേടി. ആരും അയാളെ സഹായിക്കാനുണ്ടായില്ല.

ആ സമയത്ത്, മുമ്പ് കള്ളനെന്ന് പറഞ്ഞ് കാവൽക്കാരൻ പിടികൂടിയ യുവാവ് വിവരമറിയുകയും തന്റെ ചെറിയ വീട്ടിലേക്ക് ആ കാവൽക്കാരനെയും കുടുംബത്തെയും സ്നേഹത്തോടെ കൂട്ടിക്കൊണ്ടുപോകുകയും ചെയ്തു. അവർക്ക് കഴിക്കാൻ ഭക്ഷണവും ഉടുക്കാൻ വസ്ത്രവും നൽകി. കാവൽക്കാരൻ അത്ഭുതത്തോടെയും സങ്കടത്തോടെയും ചോദിച്ചു: "ഞാൻ നിന്നെ പണ്ട് നാട്ടുകാരുടെ മുന്നിലിട്ട് അപമാനിച്ചതല്ലേ, എന്നിട്ടും നീയെന്തിനാണ് എന്നെ സഹായിക്കുന്നത്?"

യുവാവ് പുഞ്ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു: "അന്ന് നിങ്ങൾ എന്നോട് ചെയ്തത് തെറ്റാണ്. അതിനു പകരമായി ഞാനും തെറ്റു ചെയ്താൽ നമ്മൾ തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? തിന്മയെ നന്മ കൊണ്ട് നേരിടാനാണ് ഞാൻ ആഗ്രഹിക്കുന്നത്."

നന്മ ചെയ്യുക എന്നത് ഒരു ബലഹീനതയല്ല, മറിച്ച് വലിയൊരു മാനസിക കരുത്താണ്. നമുക്ക് ദോഷം ചെയ്യുന്നവരോട് തിരിച്ച് നന്മ ചെയ്യുമ്പോൾ, നമ്മൾ അവരെക്കാൾ എത്രയോ ഉന്നതരാണെന്ന് തെളിയിക്കുകയാണ് ചെയ്യുന്നത്. പ്രതികാരത്തിന്റെ വഴി എന്നും നാശത്തിലേക്കേ നയിക്കൂ. എന്നാൽ ക്ഷമയുടെയും സ്നേഹത്തിന്റെയും വഴി ശത്രുവിനെപ്പോലും മിത്രമാക്കാൻ സഹായിക്കും.

"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് നീ (തിൻമയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല" (ക്വുർആൻ 41:34 ).

തിന്മയെ തിന്മകൊണ്ട് നേരിടുക എന്നത് എളുപ്പമുള്ള കാര്യമാണ്. എന്നാൽ തിന്മയെ നന്മ കൊണ്ട് നേരിടുക എന്നത് അത്ര എളുപ്പമല്ല. അതിന് അങ്ങേയറ്റം ക്ഷമിക്കാനുള്ള കഴിവു വേണം. അല്ലാഹു ക്ഷമാലുക്കളുടെ കൂടെയാണ് എന്ന തിരുവചനം അവന് സ്ഥൈര്യം നൽകുന്നു. അവിടെ അവൻ തന്റെ ഈഗോ മാറ്റിവെക്കുന്നു. ദേഷ്യം അടക്കിവെക്കുന്നു. മനസ്സിനെ നിയന്ത്രിക്കുന്നു. മറ്റുള്ളവർ തന്നെ കഴിവുകെട്ടവൻ എന്ന് ആക്ഷേപിക്കുമല്ലോ എന്ന് ചിന്തിക്കാതിരിക്കുന്നു. ഒരു പുഞ്ചിരിയോടെ മാന്യമായി അയാളോട് പ്രതികരിക്കുകകൂടി ചെയ്താൽ അതോടെ അപമാനിതനായി തലതാഴ്ത്തേണ്ടിവരിക അപരനാണ്. ■




# ശരീരത്തെയും മനസ്സിനെയും കൊല്ലുന്ന സൗന്ദര്യവർധക വസ്തുക്കൾ

ഡോ. റസീല ചേർക്കുന്നത്ത്
ജന. സെക്രട്ടറി, വിസ്ഡം വിമൻ

കേരള ബാലാവകാശ കമ്മീഷൻ ഈ വർഷത്തെ സ്കൂൾ അധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പായി ലിപ്സ്റ്റിക് ഉപയോഗം വിദ്യാർഥികളിൽ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ പ്രസ്താവനകൾ ഏറെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ലിപ്സ്റ്റിക് ഉപയോഗം മാരകമായ ക്യാൻസർ അടക്കമുള്ള നിരവധി രോഗങ്ങൾക്ക് കാരണമാകുന്നു എന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ചർച്ചകൾ പുരോഗമിക്കുന്നത്.

സൗന്ദര്യബോധം മനുഷ്യന്റെ സ്വാഭാവികമായ ഒരു ആഗ്രഹമാണ്. എന്നാൽ ഇന്നത്തെ സമൂഹത്തിൽ സൗന്ദര്യം ഒരു വ്യാപാരമേഖലയായി മാറിയിരിക്കുകയാണ്. സാമൂഹ്യമാധ്യമങ്ങൾ, പരസ്യങ്ങൾ, സിനിമ, ഫാഷൻ വ്യവസായം എന്നിവയുടെ സ്വാധീനത്തിൽ പ്രത്യേകിച്ച് കൗമാരക്കാരും യുവജനങ്ങളും

**സൗന്ദര്യവർധക വസ്തുക്കൾ എല്ലാം അപകടകാരികളാണെന്ന് പറയുന്നത് ശാസ്ത്രീയമായി ശരിയല്ല. എന്നാൽ ചില രാസഘടകങ്ങളുടെ ദീർഘകാല സമ്പർക്കം ആരോഗ്യപരമായ ആശങ്കകൾ ഉയർത്തുന്നുണ്ട്. അതോടൊപ്പം സമൂഹം സൃഷ്ടിക്കുന്ന യാഥാർഥ്യവിരുദ്ധമായ സൗന്ദര്യ സങ്കൽപങ്ങൾ വ്യക്തികളുടെ മാനസികാരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്നു.**

വിവിധ സൗന്ദര്യവർധക വസ്തുക്കളുടെ സ്ഥിരം ഉപഭോക്താക്കളായി മാറിക്കൊണ്ടിരിക്കുന്നു. സുരക്ഷിതമായി നിർമിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്ന ഉൽപന്നങ്ങൾ വിപണിയിൽ ലഭ്യമാണെങ്കിലും, ചില രാസഘടകങ്ങളുള്ള ഉൽപന്നങ്ങളുടെ അമിതവും ദീർഘകാലവുമായ ഉപയോഗം ആരോഗ്യപരമായ ആശങ്കകൾ ഉയർത്തുന്നുണ്ട്.

കൊച്ചുകുട്ടികൾ അടക്കമുള്ളവർ ലിപ്സ്റ്റിക് ഉൾപ്പെടെയുള്ള സൗന്ദര്യവർധക വസ്തുക്കൾ ഒരു ദിവസം തന്നെ ആവർത്തിച്ച് ഉപയോഗിക്കുന്നത് നിരവധി രോഗങ്ങൾക്ക് കാരണമാകുന്നുണ്ട്. വിവിധ സൗന്ദര്യവർധക വസ്തുക്കളിൽ അടങ്ങിയ രാസവസ്തുക്കൾ ശരീരത്തിന്ഏൽപിക്കുന്ന ആഘാതം വളരെ വലുതാണ്. സൗന്ദര്യവർധക വസ്തുക്കളുടെ അനിയന്ത്രിതവും അപകടകരവുമായ ഉപയോഗം ശാരീരികവും മാനസികവുമായ നിരവധി പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. ഇതേ സംബന്ധിച്ച് നിലവിൽ നടത്തപ്പെട്ട ശാസ്ത്രീയ പഠനങ്ങൾ ക്രോഡീകരിച്ചതാണ് ഈ ലേഖനം.

**ശരീരത്തെ ബാധിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ**

*1. ഹോർമോൺ വ്യവസ്ഥയിലെ വ്യതിയാനങ്ങൾ:*

പാരബെനുകൾ (Parabens), ഫ്താലേറ്റുകൾ (Phthalates), ട്രൈക്ലോസാൻ (Triclosan), ബെൻസോഫിനോണുകൾ (Benzophenones) തുടങ്ങിയ ഘടകങ്ങൾ എൻഡോക്രൈൻ ഡിസ്റപ്റ്ററുകളായി പ്രവർത്തിക്കാൻ സാധ്യതയുണ്ടെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ഈ ഘടകങ്ങൾ ശരീരത്തിലെ ഹോർമോണുകളുടെ പ്രവർത്തനത്തെ സ്വാധീനിക്കാനും പ്രജനനാരോഗ്യം (fertility), വളർച്ച, ഉപാപചയ പ്രവർത്തനങ്ങൾ എന്നിവയെ ബാധിക്കാനും സാധ്യതയുണ്ടെന്ന ആശങ്ക ഉയർന്നിട്ടുണ്ട്. (1,2)

*2. ചർമരോഗങ്ങളും അലർജികളും:*

ലിപ്സ്റ്റിക്, ഫൗണ്ടേഷൻ, നെയിൽ പോളിഷ്, ഹെയർ ഡൈ തുടങ്ങിയ ഉൽപന്നങ്ങളിലെ ചില രാസഘടകങ്ങൾ ചൊറിച്ചിൽ, ചർമവീക്കം, കോൺടാക്ട് ഡെർമറ്റൈറ്റിസ്, അലർജി തുടങ്ങിയ പ്രശ്ന ങ്ങൾക്ക് കാരണമാകാം.(3)

എത്ര സുരക്ഷിതമാണെന്ന് കമ്പനികൾ അവകാശപ്പെട്ടാലും ഇവയിൽ അടങ്ങിയ നിരവധി രാസഘടകങ്ങളുടെ ദീർഘകാല ഉപയോഗം ഗുരുതരമായ ചർമരോഗങ്ങൾക്ക് കാരണമായേക്കാം.

*3. ഭാരലോഹങ്ങളുടെ വിഷാംശം:*

നിലവാരമില്ലാത്ത ചില സൗന്ദര്യവർധകവസ്തുക്കളിൽ ലെഡ്, മെർക്കുറി, ആർസെനിക് തുടങ്ങിയ ഭാരലോഹങ്ങൾ (Heavy metals) കണ്ടെത്തിയിട്ടുള്ളതായി പഠനങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ദീർഘകാല സമ്പർക്കം നാഡീവ്യൂഹം, കരൾ, വൃക്കകൾ എന്നിവയെ പ്രതികൂലമായി ബാധിക്കാൻ ഇടയാക്കാം (4). നിലവിൽ കൗമാരക്കാർക്കിടയിൽ ഡയാലിസിസ് രോഗികളുടെ വർധനവ് നാം ഗൗരവമായി കാണേണ്ടതാണ്.

*4. ക്യാൻസറുമായി ബന്ധപ്പെട്ട ആശങ്കകൾ:*

സൗന്ദര്യവർധക വസ്തുക്കളിലെ ചില ഘടകങ്ങളും ക്യാൻസറും തമ്മിലുള്ള ബന്ധം സംബന്ധിച്ച് നിരവധി പഠനങ്ങൾ നടന്നുവരുന്നുണ്ടെങ്കിലും, എല്ലാ കോസ്മെറ്റിക്കുകളും ക്യാൻസറിന് നേരിട്ടുള്ള കാരണമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. എന്നാൽ ചില ഘടകങ്ങളുടെ ദീർഘകാല സമ്പർക്കത്തെക്കുറിച്ച് കൂടുതൽ പഠനങ്ങൾ ആവശ്യമാണ്. (1,5)

ലിപ്സ്റ്റിക് പോലെ എളുപ്പത്തിൽ ഭക്ഷണത്തോടൊപ്പം

കലരാൻ സാധ്യതയുള്ള പദാർഥങ്ങളും അവയിൽ അടങ്ങിയ രാസഘടകങ്ങളും പലപ്പോഴും കുടലിലെ ക്യാൻസറിന് കാരണമാവാറുണ്ട്.

*5. ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ:*

ഡിയോഡറന്റുകൾ, പെർഫ്യൂമുകൾ, എയറോസോൾ സ്പ്രേകൾ എന്നിവയിൽ അടങ്ങിയിരിക്കുന്ന ചില അസ്ഥിര ജൈവസംയുക്തങ്ങൾ (Volatile Organic Compounds) ആസ്ത്മ, തലവേദന, ശ്വാസ തടസ്സം തുടങ്ങിയ പ്രശ്നങ്ങൾക്ക് കാരണമാകാം.[6]

**മനസ്സിനെ ബാധിക്കുന്ന പ്രത്യാഘാതങ്ങൾ**

ശാരീരികമായ രോഗങ്ങൾക്ക് പുറമെ സൗന്ദര്യവർധക വസ്തുക്കളുടെ നിരന്തരമായ ഉപയോഗം നിരവധി മാനസികപ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്.

*1. ശരീരപ്രതിച്ഛായയെക്കുറിച്ചുള്ള അസംതൃപ്തി:*

സാമൂഹ്യമാധ്യമങ്ങളും പരസ്യങ്ങളും സൃഷ്ടിക്കുന്ന യാഥാർഥ്യവിരുദ്ധമായ സൗന്ദര്യസങ്കൽപങ്ങൾ വ്യക്തികളിൽ സ്വന്തം ശരീരത്തോടുള്ള അസംതൃപ്തി വർധിപ്പിക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു.[7]

തൊലി വെളുപ്പ്, മുടിയുടെ നീളം, പല്ലിന്റെ ഘടന തുടങ്ങി നിരവധി കാര്യങ്ങൾ സൗന്ദര്യത്തിന്റെ അളവുകോലുകളായി ഇത്തരം മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

*2.ആത്മവിശ്വാസക്കുറവും ഉത്കണ്ഠയും:*

സൗന്ദര്യവർധക വസ്തുക്കളുടെ നിരന്തരമായ ഉപയോഗം ഇല്ലാതെ സമൂഹത്തിൽ ഇടപെടാൻ മടിക്കുന്ന അവസ്ഥ ചിലരിൽ ആത്മവിശ്വാസക്കുറവിനും സാമൂഹിക ഉത്കണ്ഠയ്ക്കും കാരണമാകാം.[8]

*3. വിഷാദവും അപകർഷതാബോധവും:*

മറ്റുള്ളവരുമായി നിരന്തരം സ്വയം താരതമ്യം ചെയ്യുന്നത് വിഷാദം, അപകർഷതാബോധം, ഏകാന്തത, മാനസിക സമ്മർദം എന്നിവയ്ക്ക് വഴിവയ്ക്കാൻ സാധ്യതയുണ്ട് [7].

*4. ബോഡി ഡിസ്മോർഫിക് ഡിസോർഡർ:*

ബോഡി ഡിസ്മോർഫിക് ഡിസോർഡർ (Body Dysmorphic Disorder - BDD) എന്നത് ഒരാളുടെ ശരീരത്തിലെ ഒരു പ്രത്യേക ഭാഗത്തെയോ രൂപത്തെയോ കുറിച്ചുള്ള അതിരുകടന്ന ആശങ്കയും അസംതൃപ്തിയും മൂലമുണ്ടാകുന്ന ഒരു മാനസികാരോഗ്യ വൈകല്യമാണ്. യഥാർഥത്തിൽ മറ്റുള്ളവരാൽ ശ്രദ്ധിക്കപ്പെടാത്തതോ വളരെ ചെറിയതോ ആയ ശാരീരിക പ്രത്യേകതകളെ രോഗബാധിതർ ഗുരുതരമായ വൈകല്യമായി കാണുകയും അതിനെക്കുറിച്ച് നിരന്തരം ചിന്തിക്കുകയും ചെയ്യുന്നു.[9]

**പ്രധാന ലക്ഷണങ്ങൾ**

- മുഖം, മൂക്ക്, ചർമം, മുടി, ശരീരഭാരം തുടങ്ങിയവയെക്കുറിച്ചുള്ള അമിതമായ ആശങ്ക.
- കണ്ണാടിയിൽ ആവർത്തിച്ച് നോക്കുക അല്ലെങ്കിൽ കണ്ണാടി പൂർണമായും ഒഴിവാക്കുക.
- മറ്റുള്ളവരുമായി സ്വന്തം രൂപത്തെ താരതമ്യം ചെയ്യുക.
- മേക്കപ്പ്, സൗന്ദര്യവർധക വസ്തുക്കൾ, വസ്ത്രധാരണം എന്നിവ ഉപയോഗിച്ച് 'കുറവ്' മറയ്ക്കാൻ ശ്രമിക്കുക.
- സോഷ്യൽ മീഡിയ ചിത്രങ്ങൾ, ഫിൽട്ടറുകൾ എന്നിവയുടെ സ്വാധീനത്തിൽ സ്വന്തം രൂപത്തെ

**സാമൂഹ്യമാധ്യമങ്ങളും പരസ്യങ്ങളും സൃഷ്ടിക്കുന്ന യാഥാർഥ്യവിരുദ്ധമായ സൗന്ദര്യസങ്കൽപങ്ങൾ വ്യക്തികളിൽ സ്വന്തം ശരീരത്തോടുള്ള അസംതൃപ്തി വർധിപ്പിക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. തൊലി വെളുപ്പ്, മുടിയുടെ നീളം, പല്ലിന്റെ ഘടന തുടങ്ങി നിരവധി കാര്യങ്ങൾ സൗന്ദര്യത്തിന്റെ അളവുകോലുകളായി ഇത്തരം മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.**

ക്കുറിച്ചുള്ള അസംതൃപ്തി വർധിക്കുക.

- സാമൂഹിക ഇടപെടലുകളിൽനിന്ന് മാറിനിൽക്കുക.
- ഉത്കണ്ഠ, വിഷാദം, ആത്മവിശ്വാസക്കുറവ് എന്നിവ അനുഭവപ്പെടുക.
- ഗുരുതരമായ സാഹചര്യങ്ങളിൽ ആത്മഹത്യാചിന്തകൾ വരെ ഉണ്ടാകാം.

**കൗമാരക്കാരിലെ പ്രത്യേക അപകടസാധ്യതകൾ**

കൗമാരപ്രായത്തിൽ ശരീരവളർച്ചയും ഹോർമോൺ വ്യതിയാനങ്ങളും സജീവമായതിനാൽ, സൗന്ദര്യത്തെക്കുറിച്ചുള്ള സാമൂഹിക സമ്മർദങ്ങൾ കൂടുതൽ മാനസിക പ്രത്യാഘാതങ്ങൾക്ക് കാരണമാകാം. വ്യക്തിത്വത്തെയും ആരോഗ്യത്തെയുമെന്നതിനെക്കാൾ ബാഹ്യസൗന്ദര്യത്തിന് അമിത പ്രാധാന്യം നൽകുന്ന പ്രവണത ആത്മവിശ്വാസക്കുറവിനും മാനസിക അസ്വസ്ഥതകൾക്കും കാരണമായേക്കാം.[7,8]

മനുഷ്യനെ അല്ലാഹു മികച്ച രൂപത്തിൽ സൃഷ്ടിച്ചുവെന്ന് വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്നു: 'നിശ്ചയമായും നാം മനുഷ്യനെ ഏറ്റവും ഉത്തമമായ ഘടനയിൽ സൃഷ്ടിച്ചിരിക്കുന്നു' (95:4).

അതുകൊണ്ട് സ്വന്തം രൂപത്തെക്കുറിച്ച് വെറുപ്പോ അസംതൃപ്തിയോ വെച്ചുപുലർത്തുന്നത് ശരിയല്ല.

ചുരുക്കത്തിൽ; സൗന്ദര്യവർധക വസ്തുക്കൾ എല്ലാം അപകടകാരികളാണെന്ന് പറയുന്നത് ശാസ്ത്രീയമായി ശരിയല്ല. എന്നാൽ ചില രാസഘടകങ്ങളുടെ ദീർഘകാല സമ്പർക്കം ആരോഗ്യപരമായ ആശങ്കകൾ ഉയർത്തുന്നുണ്ട്. അതോടൊപ്പം സമൂഹം സൃഷ്ടിക്കുന്ന യാഥാർഥ്യവിരുദ്ധമായ സൗന്ദര്യ സങ്കൽപങ്ങൾ വ്യക്തികളുടെ മാനസികാരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്നു. അതിനാൽ വിവേകപൂർവമായ ഉപയോഗവും ശാസ്ത്രീയ അവബോധവും ആരോഗ്യകരമായ ജീവിതശൈലിയുമാണ് യഥാർഥ സൗന്ദര്യത്തിന്റെ അടിത്തറ എന്ന് തിരിച്ചറിയുക.

*References*


1. *Nicolopoulou-Stamati P, Hens L, Sasco AJ. Cosmetics as endocrine disruptors: are they a health risk? Rev Endocr Metab Disord. 2016;16(4):373-83.*
2. *Tomar C, Singh P, Yadav S. Endocrine-disrupting chemicals in cosmetics: mechanistic insights and their impact on human and skin health. Rev Endocr Metab Disord. 2026;27(1):123-138.*
3. *Draelos ZD. Cosmetics and dermatologic problems and solutions. 3rd ed. Boca Raton: CRC Press; 2011.*
4. *Al-Saleh I, Al-Enazi S, Shinwari N. Assessment of lead in cosmetic products. Regul Toxicol Pharmacol. 2009;54(2):105-13.*
5. *Darbre PD, Harvey PW. Paraben esters: review of recent studies of endocrine toxicity, absorption, human exposure and discussion of potential human health risks. J Appl Toxicol. 2008;28(5):561-78.*
6. *Steinemann A. Fragranced consumer products: exposures and effects from emissions. Air Qual Atmos Health. 2016;9(8):861-6.*
7. *Fardouly J, Vartanian LR. Social media and body image concerns: current research and future directions. Curr Opin Psychol. 2016;9:1-5.*
8. *Walker CE, Krumhuber EG, Dayan S, Furnham A. Effects of social media use on desire for cosmetic surgery among young women. Curr Psychol. 2021;40:3355-64.*
9. *Phillips KA. The broken mirror: understanding and treating body dysmorphic disorder. Rev ed. New York: OxfordUniversityPress;2005.*
10. *Harley KG, Kogut K, Madrigal DS, Cardenas M, Vera IA, Meza-Alfaro G, et al. Reducing phthalate, paraben and phenol exposure from personal care products in adolescent girls: findings from the HERMOSA intervention study. Environ Health Perspect. 2016;124(10):1600-7.*




# ലിപ്സ്റ്റിക്: ചുണ്ടുകളെ ചതിക്കുന്ന ചായങ്ങൾ

ഡോ. ഷഹബാസ് കെ അബ്ബാസ്
: 9544908473

ഗോസിപ്പുകാരുടെ വാനിറ്റി കിറ്റിൽ നിന്ന് സ്കൂൾ ബാഗിലേക്കുള്ള ലിപ്സ്റ്റിക്കിന്റെ പ്രയാണ ചരിത്രത്തിന് എറെ പഴക്കമില്ല. അംഗുലീ പരിമിത ഉയരമുള്ള കേവലമൊരു സൗന്ദര്യവർധക വസ്തു എന്നതിനപ്പുറം അപകർഷകതാ ബോധത്തിന്റെ നാലാൾപൊക്കത്തെയാണ് ലിപ്സ്റ്റിക് പലപ്പോഴും  പ്രതിനിധീകരിക്കുന്നത്. കൾച്ചറൽ ട്രാൻസ്ഫോർമേഷൻ മാത്രമല്ല, ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളെയും ക്ഷണിച്ച് വരുത്തുന്നുണ്ട് ഇന്നത്തെ ലിപ്സ്റ്റിക് സംസ്കാരം.

ചരിത്രം പരിശോധിക്കുകയാണെങ്കിൽ, പണ്ടു മുതലേ എന്ത് വിലകൊടുത്തും സൗന്ദര്യവും ആകർഷണീയതയും നേടുക എന്നത് പൊതുവെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം അനുപേക്ഷണീയമായ ഒന്നായിരുന്നു. അതിനായി വളരെ വിചിത്രമെന്ന് തോന്നാവുന്ന പല രീതികളും അവർ സ്വീകരി ച്ചിരുന്നു. തിളങ്ങുന്ന കണ്ണുകളും തേജസ്സുള്ള ചർമനിറവും ലഭിക്കാനായി ‘ആർസെനിക്’ എന്ന കൊടിയ വിഷം ഓസ്ട്രേലിയയിലെ ചില സ്ത്രീകൾ വിഴുങ്ങിയിരുന്നതായി 1850കളിൽ തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. നമ്മൾ കഴിക്കുന്ന പോഷക

**ഏതാനും ദിവസങ്ങൾക്കുള്ളിൽ മണ്ണിനടിയിലെ പുഴുക്കൾക്ക് ഭക്ഷണമായി മാറേണ്ട വെറുമൊരു ഭൗതികശരീരത്തെ വൃത്തിയാക്കി നടക്കുക എന്നതിനപ്പുറം, വെളുപ്പിക്കാനും ചുവപ്പിക്കാനും വേണ്ടി പണം ധൂർത്തടിക്കുമ്പോൾ, ജീവിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭിക്കാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രയാസപ്പെടുന്ന ലക്ഷക്കണക്കിന് മനുഷ്യരെ കൂടി നാം ഓർക്കണം. കമ്പോളങ്ങൾ ചുണ്ടിൽ പുരട്ടിത്തരുന്നത് വെറുമൊരു നിറമല്ല എന്നും വരുംതലമുറയുടെ, സ്വാഭാവിക സൗന്ദര്യത്തെക്കുറിച്ചുള്ള അപകർഷതാബോധം കൂടിയാണ് എന്നും നാം തിരിച്ചറിയണം.**

ങ്ങളെല്ലാം ശരീരത്തിൽനിന്ന് വലിച്ചെടുത്ത്, മെലിഞ്ഞ് കൂടുതൽ സുന്ദരിയാവാം എന്ന ഭ്രാന്തമായ ലക്ഷ്യത്തോടെ 'ടേപ്‌വേം' എന്ന ഒരിനം വിരകളുടെ മുട്ടകൾ വിഴുങ്ങുന്നവർ വരെ അക്കാലത്തുണ്ടായിരുന്നു. രൂപവും ഭാവവും മാറിയെങ്കിലും, അത്തരം മാരകമായ സൗന്ദര്യഭ്രമം ഇന്നും ഒട്ടും കുറഞ്ഞിട്ടില്ലെന്ന് മാത്രമല്ല, കൂടുതൽ ഭീകരമായി മാറിയിരിക്കുകയാണ്.

**കമ്പോളങ്ങൾ സൃഷ്ടിക്കുന്ന 'പുതിയ നോർമൽ!'**

ഇന്ന് ലിപ്സ്റ്റിക് ഉപയോഗിക്കുക എന്നത് വസ്ത്രം ധരിക്കുന്നതുപോലെ നോർമലായ ഒന്നായി മാറിയിരിക്കുന്നു; അല്ല, വിപണി അതിനെ അങ്ങനെ മാറ്റിത്തീർത്തിരിക്കുന്നു. നമ്മുടെ സൗന്ദര്യബോധം നമ്മെ കാണുന്നവരുടെ കണ്ണുകളിലാണ് എന്ന മിഥ്യാധാരണയെ വളരെ വിജയകരമായി സ്ത്രീജനങ്ങളുടെ മനസ്സിൽ സന്നിവേശിപ്പിക്കാൻ സൗന്ദര്യവർധക വസ്തുക്കളുടെ കമ്പോളങ്ങൾക്ക് സാധിച്ചിട്ടുണ്ട്. പാർട്ടികളിലും വിവാഹാഘോഷങ്ങളിലും മാത്രമല്ല, മരണവീടുകളിൽ ഏറ്റവും വേണ്ടപ്പെട്ടവരുടെ മൃതദേഹത്തിന് അടുത്തിരുന്ന് കരയുമ്പോൾ പോലും ചുണ്ടിൽ ചായമില്ലാതെ പറ്റില്ല എന്ന അവസ്ഥയിലേക്ക് പലരും മാറിയിരിക്കുന്നു. ചെറിയ മക്കളെ അണിയിച്ചൊരുക്കുന്ന അമ്മമാർ മുതൽ കുട്ടികൾ അവരുടെ വളർച്ചയിൽ മാതൃകയാക്കുന്ന 'മോഡേൺ' വയോധികമാർ വരെ ഈ സംസ്കാരത്തെ സ്വാഭാവികവത്കരിക്കുന്നതിൽ പങ്കാളികളാണ്.

ഇത്തരം സൗന്ദര്യ സങ്കൽപങ്ങളുടെ മായിക വലയങ്ങളിൽപ്പെട്ട്, വിപണി സൃഷ്ടിക്കുന്ന പുതിയ ശീലങ്ങളിലേക്ക് എത്തിപ്പെടാൻ നെട്ടോട്ടമോടുന്ന പുതിയ തലമുറയുടെ മനോഗതിയിൽ നമ്മെ ഭയപ്പെടുത്തുന്ന മറ്റൊരു സാമൂഹിക വശമുണ്ട്. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവരും ഭിന്നശേഷി വിഭാഗത്തിലുള്ളവരുമെല്ലാം ഈ പറയപ്പെടുന്ന കൃത്രിമ സൗന്ദര്യത്തിന്റെ 'നോർമൽ' മാനദണ്ഡങ്ങൾ പാലിക്കാൻ പല കാരണങ്ങളാൽ കഴിയാത്തവരാകുമല്ലോ. ഇത്തരം വികലമായ സൗന്ദര്യ സങ്കൽപങ്ങൾ, ദുരിതങ്ങൾ പേറി ജീവിക്കുന്ന അവർ സമൂഹത്തിൽ കൂടുതൽ പാർശ്വവത്കരിക്കപ്പെടാനും മുഖ്യധാരയിൽ നിന്നും അകന്നുപോകാനും കാരണമാകുന്നുണ്ട് എന്നത് യാഥാർഥ്യമാണ്.

**ലിപ്സ്റ്റിക്കിന്റെ വ്യാപനം ഒട്ടും നിഷ്കളങ്കമല്ല**

വാനിറ്റി ബാഗിൽനിന്ന് സ്കൂൾ ബാഗിലേക്കും അവിടെനിന്ന് കൊച്ചു വിദ്യാർഥിനികളുടെ പോക്കറ്റുകളിലേക്കുമുള്ള ലിപ്സ്റ്റിക് ഉൽപന്നങ്ങളുടെ യാത്ര ഒരിക്കലും യാദൃച്ഛികമല്ല. കേവലം സൗന്ദര്യ പ്രദർശനത്തിനപ്പുറം ആത്മവിശ്വാസത്തിന്റെയും ആത്മാഭിമാനത്തിന്റെയും സ്വന്തം അസ്തിത്വത്തിന്റെയുംവരെ പ്രതീകമായി അതിനെ പ്രതിഷ്ഠിച്ചുകൊണ്ടുള്ള മാർക്കറ്റിങ് തന്ത്രം ഒട്ടും നിഷ്കളങ്കവുമല്ല. ഇന്ത്യയടക്കമുള്ള മൂന്നാം ലോകരാജ്യങ്ങൾ കഴിഞ്ഞ ഒരു പതിറ്റാണ്ടുകാലമായാണ് ഈ മേഖലയിൽ ഇത്രമേൽ സജീവമാകുന്നത്.

ഇന്ന് എൽ.പി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പോലും ലിപ്സ്റ്റിക്കിന്റെ വിവിധ ഷേഡുകൾ മനഃപാഠമാണ്. അവർ കാണുന്ന സെലിബ്രിറ്റികളുടെ മുഖത്തെ ചായങ്ങളും സോഷ്യൽ മീഡിയയിലെ ട്രെൻഡിംഗ് റീലുകളും 'Get Ready With Me' (GRWM) വീഡിയോകളുമൊക്കെ ഓരോ ദിവസവും താൻ എങ്ങനെയായിത്തീരണമെന്ന് നമ്മുടെ മക്കളെ അക്ഷരാർഥത്തിൽ മസ്തിഷ്കപ്രക്ഷാളനം നടത്തുകയാണ്. അതുകൊണ്ടാ

**കേവലം ഒരു ഗ്ലാസ്സ് ചൂടുവെള്ളത്തിൽ കഴുകിയാൽ ഒലിച്ചുപോകുന്ന ഈ വ്യാജ ആത്മവിശ്വാസത്തിന് വേണ്ടി മാരകമായ രാസവസ്തുക്കളെ ദിവസേന ഉള്ളിലാക്കിക്കൊണ്ട് സ്വന്തം ആരോഗ്യം പണയപ്പെടുത്തണോ എന്ന് ഓരോരുത്തരും ഗൗരവമായി ചിന്തിക്കണം. സ്വന്തം ശരീരത്തെയും വർണത്തെയും പ്രകൃത്യാലുള്ള നിമ്നോന്നതികളെയും അതിന്റെ സ്വാഭാവികതയിൽ ഉൾക്കൊള്ളാൻ പഠിക്കുകയും, ഇതാണ് എന്റെ നോർമൽ എന്ന് തിരിച്ചറിയുകയും ചെയ്യുമ്പോഴാണ് ആത്മവിശ്വാസം പാരമ്യത്തിലെത്തുക.**

ണല്ലോ ഈയിടെ ഒന്നാം ക്ലാസിലെ ഒരു ടീച്ചർ തന്റെ അനുഭവം പങ്കുവെച്ചപ്പോൾ 'ഓരോ തവണ ബോർഡിൽ എന്തെങ്കിലും എഴുതാൻ ഞാൻ തിരിയുമ്പോഴേക്കും കുട്ടികൾ ഡെസ്കിനടിയിലേക്ക് തലതാഴ്ത്തുകയും പിന്നീട് തല പൊക്കുമ്പോൾ അവരുടെ ചുണ്ടുകൾ ചുവന്ന് തുടുത്തിരിക്കുന്നതും കാണാനായി' എന്നു പറഞ്ഞത്.

### കോവിഡും 'ലിപ്സ്റ്റിക് എഫക്റ്റും'

കോവിഡിന്റെ സമയത്ത് നടന്ന രസകരവും എന്നാൽ പേടിപ്പിക്കുന്നതുമായ ഒരു പഠനം 'ലിപ്സ്റ്റിക് എഫക്റ്റിനെ' (lipstick effect) കുറിച്ച് പറയുന്നുണ്ട്. ലോക്ക്ഡൗൺ കാലത്തെ ഏകാന്തതയിലും മാസ്ക് ധരിക്കേണ്ടിവന്ന സാഹചര്യത്തിലും പോലും, ഡിജിറ്റൽ സ്ക്രീനുകളിൽ സ്വന്തം മുഖം നിരന്തരം കണ്ട് തങ്ങളുടെ സ്വാഭാവിക ശരീരപ്രകൃതിയോട് വിരക്തി തോന്നുന്ന 'ബോഡി ഡിസ്മോർഫിയ' (body dysmorphic disorder) മറികടക്കാൻ സ്ത്രീകൾ ലിപ്സ്റ്റിക് പോലുള്ള താൽക്കാലിക ആഡംബരങ്ങളെ അമിതമായി ആശ്രയിച്ചിരുന്നു എന്നാണ് ഈ മനഃശാസ്ത്ര പ്രതിഭാസം വ്യക്തമാക്കുന്നത്. ബാഹ്യസൗന്ദര്യത്തിന് വേണ്ടിയുള്ള ഈ അന്ധമായ ഓട്ടം, ഒടുവിൽ ചുണ്ടുകൾക്ക് നിറം നൽകിയില്ലെങ്കിൽ ആത്മവിശ്വാസം നഷ്ടപ്പെടുന്ന തരത്തിലുള്ള ഒരു കടുത്ത മാനസിക അഡിക്ഷനിലേക്കാണ് (cosmetic addiction) മഹാമാരിയുടെ സമയത്ത് പോലും സ്ത്രീസമൂഹത്തെ കൊണ്ടെത്തിച്ചത്.

ലോക്ക്ഡൗൺ കാലത്ത് 30%ത്തോളം വലിയ നഷ്ടമാണ് സൗന്ദര്യവർധക വസ്തുക്കളുടെ കമ്പോളങ്ങൾക്ക് ആഗോളതലത്തിൽ ഉണ്ടായത്. നഗ്നനേത്രങ്ങൾകൊണ്ട് കാണാൻ കഴിയാത്ത ഒരു വൈറസും, വെറും അഞ്ചു രൂപ വില വരുന്ന മാസ്കുകളും സർവവ്യാപികളായപ്പോൾ കോർപ്പറേറ്റുകൾക്ക് മുഖംപൊത്തി ഓടേണ്ടി വന്നു. എന്നാൽ, തുടർച്ചയായി മാസ്ക് ധരിച്ചതുമൂലം ചുണ്ടിന് ചുറ്റും താടിയിലും ഉണ്ടാകുന്ന മുഖക്കുരുവും (maskne) അലർജിയും കോവിഡ് കാലത്ത് വ്യാപകമായിരുന്നു. ഇതിനെ കൂടുതൽ കെമിക്കലുകൾ അടങ്ങിയ 'മാസ്ക്-പ്രൂഫ് ലിപ്സ്റ്റിക്കുകളും' 'ആന്റി-ആക്നെ ഫൗണ്ടേഷനുകളും' വിപണിയിലിറക്കിക്കൊണ്ടാണ് കോസ്മെറ്റിക് ഇന്റസ്ട്രി അന്ന് നേരിട്ടത്. എന്നിരുന്നാലും കോവിഡ് കാലത്തെ വലിയ നഷ്ടത്തിൽനിന്ന് കരകയറാനുള്ള വ്യത്യസ്ത വിപണന തന്ത്രങ്ങൾ ഇന്നും മെനഞ്ഞുകൊണ്ടേയിരിക്കുകയാണവർ.

### അറിഞ്ഞു വിഴുങ്ങുന്ന അർബുദകാരികൾ

നിങ്ങളാരെങ്കിലും ഒരു ഫേസ്ക്രീമോ മോയിസ്ച്ചറൈസറോ അല്ലെങ്കിൽ ഒരു പുതിയ സോപ്പോ പേസ്റ്റോ വാങ്ങുമ്പോൾ അതിലടങ്ങിയിരിക്കുന്ന ഉള്ളടക്കം എന്താണെന്ന് നോക്കാറുണ്ടോ? നോക്കാറില്ല എന്ന് മാത്രമല്ല, നമ്മുടെ ഈ അജ്ഞതയെ മുതലെടുക്കുന്ന കോസ്മെറ്റിക് ഇൻഡസ്ട്രികളുടെ കെണികളിൽ കുടുങ്ങുന്നവരാണ് 90 ശതമാനത്തിലധികം ആളുകളും.

അമേരിക്കയിലെ പ്രശസ്തമായ ലോറൻസ് ബെർക്ക്ലി നാഷണൽ ലബോറട്ടറി നടത്തിയ പഠനമനുസരിച്ച്, ലിപ്സ്റ്റിക്കുകൾ സാധാരണ രീതിയിൽ ഉപയോഗിക്കുന്നവർ (average use) ദിവസേന ഏകദേശം 24 മില്ലിഗ്രാം പ്രൊഡക്ട് അറിയാതെ വിഴുങ്ങുന്നുണ്ട്. എന്നാൽ അമിതമായി അല്ലെങ്കിൽ കൂടുതൽ തവണ ഉപയോഗിക്കുന്നവർ (high use) ദിവസേന ഏകദേശം 87 മില്ലിഗ്രാം

വരെയാണ് ഉള്ളിലാക്കുന്നത്. ഒരു സ്ത്രീ തന്റെ ജീവിത കാലയളവിൽ ശരാശരി 1.5 മുതൽ 3 കിലോഗ്രാം വരെ ലിപ്സ്റ്റിക് (അറിയാതെയെങ്കിലും) ഭക്ഷണത്തോടൊപ്പം വിഴുങ്ങുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വർഷങ്ങൾ നീളുന്ന ഉപയോഗത്തിലൂടെ കിലോഗ്രാം കണക്കിന് മാരക വിഷാംശങ്ങൾ വൃക്കയടക്കമുള്ള ശരീരത്തിലെ ഓരോ അവയവത്തിലേക്കുമെത്തുന്നു.

സ്ഥിരമായി ലിപ്സ്റ്റിക് ഉൾപ്പെടെയുള്ള മേക്കപ്പ് ഉപയോഗിക്കുന്നവരിൽ ഒട്ടനേകം ഗുരുതരമായ ശാരീരിക പാർശ്വഫലങ്ങളാണ് കണ്ടുവരുന്നത്. ഉൽപന്നങ്ങളുടെ നിലവാരം ഉറപ്പാക്കാതെ, സ്വന്തം സ്കിൻ ടൈപ്പ് ഏതാണെന്ന് ശ്രദ്ധിക്കാതെ, ബ്രഷുകളും ബ്ലെൻഡറുകളും വൃത്തിയാക്കാതെ, ഉറങ്ങുമ്പോൾ പോലും അവയെ നീക്കം ചെയ്യാതെ വൃത്തിഹീനമായി നടക്കുന്നവരെല്ലാം വിവിധ അർബുദ രോഗങ്ങളെ ക്ഷണിച്ചു വരുത്തുകയാണ്. ഇനി ഈ പറഞ്ഞ മുൻകരുതലുകളെല്ലാം സ്വീകരിച്ച് ഉപയോഗിച്ചെങ്കിലോ? ലിപ്സ്റ്റിക്കിലും മേക്കപ്പിലുമടങ്ങിയ അതിമാരകമായ കെമിക്കലുകൾ അതിനുള്ള ഉത്തരം നൽകും.

മെർക്കുറി, ലെഡ്, കാഡ്മിയം, ക്രോമിയം, അലുമിനിയം തുടങ്ങിയ ഹെവി മെറ്റലുകളാണ് ഇതിലെ പ്രധാന വില്ലന്മാർ. ലിപ്സ്റ്റിക്കുകൾ കേടുകൂടാതിരിക്കാനും മൃദുത്വം നൽകാനും ഉപയോഗിക്കുന്ന പാരബെൻസ്, ഫ്താലേറ്റ്സ് (parabens, phthalates) പോലുള്ള പ്രിസെർവേറ്റീവുകൾ ശരീരത്തിലെ ഹോർമോൺ വ്യവസ്ഥയെ തെറ്റിക്കാൻ (endocrine disruptors) കെൽപ്പുള്ളവയാണ്. ഈ രാസവസ്തുക്കൾ ശരീരത്തിലെ ഇസ്ട്രജൻ അടക്കമുള്ള ഹോർമോണുകളുടെ അളവിൽ വലിയ വ്യതിയാനം വരുത്തുന്നു. ഇത് സ്ത്രീകളിൽ പി.സി.ഒ.ഡി (PCOD), വന്ധ്യത, സ്തനാർബുദം (breast cancer)എന്നിവയ്ക്കുള്ള സാധ്യത വൻതോതിൽ വർധിപ്പിക്കുന്നു. മാത്രമല്ല, ലിപ്സ്റ്റിക്കുകളിൽ അടങ്ങിയിരിക്കുന്ന സിന്തറ്റിക് ഡൈകളും (synthetic dyes) പെട്രോളിയം ഉപോൽപന്നങ്ങളും ചുണ്ടുകളിലെ മെലാനിൻ ഉൽപാദനം വർധിപ്പിക്കുകയും ഹൈപ്പർപിഗ്മെന്റേഷന് കാരണമാവുകയും ചെയ്യും. ചുരുക്കത്തിൽ, ചുണ്ടുകൾ ചുവപ്പിക്കാൻ തേക്കുന്ന ചായം ഒടുവിൽ അവയുടെ സ്വാഭാവിക നിറം കെടുത്തുന്ന 'പാണ്ടായി' മാറുമെന്നാണ് ആധുനികമായ ചില പഠനങ്ങൾ മുന്നറിയിപ്പ് നൽകുന്നത്.



### ലിപ്സ്റ്റിക്ക് നൽകുന്ന സ്യൂഡോ കോൺഫിഡൻസ്

അമേരിക്കയിൽ ഈയിടെ നടന്ന ഒരു പഠനം വ്യക്തമാക്കുന്നത്, ലിപ്സ്റ്റിക് ഉപയോഗിക്കുന്നവരിൽ 49% വനിതകളും ആത്മവിശ്വാസത്തിന് വേണ്ടിയാണ് ഇത് വാരിത്തേക്കുന്നത് എന്നാണ്; 20% പേർ പ്രായമാകുന്നത് മറച്ചുവെക്കാനും. ലിപ്സ്റ്റിക്കുകൾ ചുണ്ടുകൾക്ക് നൽകുന്ന ഈ വിവിധ നിറങ്ങൾ, യഥാർഥത്തിൽ സ്ത്രീകൾക്ക് ഒരു 'സ്യൂഡോ കോൺഫിഡൻസ്' (വ്യാജ ആത്മവിശ്വാസം) മാത്രമാണ് നൽകുന്നത്. സ്വന്തം സ്വാഭാവിക ശരീരപ്രകൃതിക്കപ്പുറം വിപണി നിശ്ചയിക്കുന്ന കൃത്രിമ സൗന്ദര്യ മാനദണ്ഡങ്ങൾ പാലിച്ചാൽ മാത്രമെ തനിക്ക് സമൂഹത്തെ അഭിമുഖീകരിക്കാനാകൂ എന്ന തരത്തിലുള്ള ഒരു താൽക്കാലിക പ്രതിരോധ കവചമാണി (temporary defense mechanism). ഇത് ഉപയോഗിച്ചില്ലെങ്കിൽ

എന്റെ കൂട്ടുകാരികൾക്കിടയിൽ ഞാൻ മോശക്കാരിയാകുമോ, എന്നെ കാണുന്ന പുരുഷന്മാർക്കിടയിൽ എനിക്ക് ശ്രദ്ധ ലഭിക്കാതെ പോകുമോ, ലിപ്സ്റ്റിക്ക് ഇടാത്ത സമയത്തെങ്ങാനും ആരുടെയെങ്കിലും ക്യാമറയ്ക്ക് മുന്നിൽപ്രത്യക്ഷപ്പെടേണ്ടിവരുമോ എന്നെല്ലാമുള്ള ഭയമാണ് യഥാർഥത്തിൽ അവരെ വേട്ടയാടുന്നത്.

കേവലം ഒരു ഗ്ലാസ്സ് ചൂടുവെള്ളത്തിൽ കഴുകിയാൽ ഒലിച്ചുപോകുന്ന ഈ വ്യാജ ആത്മവിശ്വാസത്തിന് വേണ്ടി മാരകമായ രാസവസ്തുക്കളെ ദിവസേന ഉള്ളിലാക്കിക്കൊണ്ട് സ്വന്തം ആരോഗ്യം പണയപ്പെടുത്തണോ എന്ന് ഓരോരുത്തരും ഗൗരവമായി ചിന്തിക്കണം. സ്വന്തം ശരീരത്തെയും വർണത്തെയും പ്രകൃത്യാലുള്ള നിമ്നോന്നതികളെയും അതിന്റെ സ്വാഭാവികതയിൽ ഉൾക്കൊള്ളാൻ പഠിക്കുകയും, ഇതാണ് എന്റെ നോർമൽ എന്ന് തിരിച്ചറിയുകയും ചെയ്യുമ്പോഴാണ് ആത്മവിശ്വാസം പാരമ്യത്തിലെത്തുക.

പുരുഷൻമാരും ഇന്ന് സൗന്ദര്യവർധക വസ്തുക്കളുടെ ഉപയോഗത്തിന്റെ കാര്യത്തിൽ ഒട്ടും പിറകിലല്ല. കുറച്ചു മുടി കൊഴിയുമ്പോഴേക്കും എവിടെയെങ്കിലും നരക്കുമ്പോഴേക്കും, പേടിച്ച് ടെൻഷനടിച്ച് ‘എല്ലാം തീർന്നു’ എന്ന് ചിന്തിക്കുകയും എത്ര പണം ചെലവഴിച്ചും അതിനുള്ള പരിഹാരം തേടി അലയുകയും ചെയ്യുന്ന യുവാക്കളും ഈ കമ്പോള സംസ്കാരത്തിന്റെ ഇരകളാണ്.

### ലിപ്സ്റ്റിക്കും മത-ധാർമിക മൂല്യങ്ങളും

വ്യക്തിത്വത്തിന്റെ വിശുദ്ധിയെ കെടുത്തിക്കളയുന്ന ഇത്തരം

**ഒരു മുസ്‌ലിം സ്ത്രീയുടെ സൗന്ദര്യം അവൾ പരപുരുഷന്മാർക്ക് മുന്നിൽ കാണിക്കുവാൻ പാടില്ല, മറ്റുള്ളവർക്ക് അങ്ങനെ അവളെ നോക്കാനും മതത്തിൽ അനുവാദമില്ല. ഇസ്‌ലാമിലെ സ്ത്രീയുടെ വസ്ത്രധാരണരീതി പോലും, അവളുടെ സൗന്ദര്യത്തെ കേവലം കച്ചവടച്ചരക്കാക്കി മാറ്റുന്ന പുതിയകാല ഫാഷൻ ഇൻഡസ്ട്രികൾക്കുള്ള മികച്ച മറുപടിയാണ്. ഈ മതനിയമങ്ങൾ അവൾക്കു നൽകുന്ന സംരക്ഷണവും സുരക്ഷിതത്വവും തിരിച്ചറിയാൻ, മുസ്‌ലിം ഭൂരിപക്ഷ രാജ്യങ്ങളിലെയും മറ്റു യൂറോപ്യൻ രാജ്യങ്ങളിലെയും സ്ത്രീ പീഡനങ്ങളുടെ കണക്കുകളിലെ വ്യത്യാസം മാത്രം പരിശോധിച്ചാൽ മതി.**

അമിത മേക്കപ്പ് സംസ്കാരം മതപരമായ മൂല്യങ്ങൾക്ക് തികച്ചും വിരുദ്ധമാണെന്നതിൽ സംശയമില്ല. സ്ത്രീയുടെ സൗന്ദര്യം ആസ്വദിക്കുവാനുള്ള അവകാശം, സമൂഹമധ്യെ അവളുടെ രക്ഷകർത്താവിൽ നിന്ന് കരാറിൽ ഏർപ്പെട്ട് അവളെ വിവാഹം കഴിക്കുന്ന ഭർത്താവിന് മാത്രമേയുള്ളൂ എന്നതാണ് മതത്തിന്റെ കാഴ്ചപ്പാട്. സ്വന്തം ഭർത്താവിന് മുന്നിൽ അണിഞ്ഞൊരുങ്ങുന്നതും അതിനായി ശരീരത്തിന് ഹാനികരമല്ലാത്ത സൗന്ദര്യ വർധക വസ്തുക്കൾ ഉപയോഗിക്കുന്നതും മതം വിലക്കുന്നില്ല.

ഒരു മുസ്‌ലിം സ്ത്രീയുടെ സൗന്ദര്യം അവൾ പരപുരുഷന്മാർക്ക് മുന്നിൽ കാണിക്കുവാൻ പാടില്ല, മറ്റുള്ളവർക്ക് അങ്ങനെ അവളെ നോക്കാനും മതത്തിൽ അനുവാദമില്ല. ഇസ്‌ലാമിലെ സ്ത്രീയുടെ വസ്ത്രധാരണരീതി പോലും, അവളുടെ സൗന്ദര്യത്തെ കേവലം കച്ചവടച്ചരക്കാക്കി മാറ്റുന്ന പുതിയകാല ഫാഷൻ ഇൻഡസ്ട്രികൾക്കുള്ള മികച്ച മറുപടിയാണ്. ഈ മതനിയമങ്ങൾ അവൾക്കു നൽകുന്ന സംരക്ഷണവും സുരക്ഷിതത്വവും തിരിച്ചറിയാൻ, മുസ്‌ലിം ഭൂരിപക്ഷ രാജ്യങ്ങളിലെയും മറ്റു യൂറോപ്യൻ രാജ്യങ്ങളിലെയും സ്ത്രീ പീഡനങ്ങളുടെ കണക്കുകളിലെ വ്യത്യാസം മാത്രം പരിശോധിച്ചാൽ മതി.

ബാഹ്യ സൗന്ദര്യത്തിനായി കൃത്രിമ ചായങ്ങളിലൂടെ ശ്രദ്ധനേടാൻ ശ്രമിക്കുന്ന പ്രവണത, വ്യക്തികൾക്ക് സമൂഹത്തിൽ അർഹമായ ബഹുമാനവും അന്തസ്സും ഇല്ലാതാക്കുകയേ ഉള്ളൂ എന്നും തിരിച്ചറിയേണ്ടതുണ്ട്. പല മോശം പേരുകളിലും വിളിക്കപ്പെട്ട്, സ്വന്തം മാന്യത കൈവിട്ടുപോകുന്ന അവസ്ഥ ഒടുവിൽ ആ വ്യക്തിക്ക് മാത്രമല്ല, അവർ ഉൾപ്പെടുന്ന കുടുംബത്തിന് തന്നെയും വലിയ അപമാനം വരുത്തിവെക്കാനിടയാക്കുകയും ചെയ്യും.

**പരിഹാരങ്ങൾക്കായി ഒന്നിക്കാം**

കൊല്ലം ജില്ലയിൽ ശിശുക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ ഈയിടെ നടപ്പിലാക്കിയ മാതൃകാപരമായ 'ലിപ്സ്റ്റിക് ഫ്രീ സ്കൂൾ' പ്രഖ്യാപനം ദേശീയ മാധ്യമങ്ങളിലടക്കം വലിയ ചർച്ചയായതു പോലെ, ഇന്ത്യയൊട്ടാകെ കേരളത്തെ മാതൃകയാക്കുന്ന രീതിയിൽ രാജ്യത്തെ എല്ലാ വിദ്യാലയങ്ങളും ഇത്തരം പ്രതിരോധ പരിപാടികൾ ഏറ്റെടുക്കേണ്ടതുണ്ട്. കേരളത്തിൽ വ്യാജവും ഗുണനിലവാരമില്ലാത്തതുമായ സൗന്ദര്യവർധക വസ്തുക്കളുടെ വിൽപനയ്ക്കെതിരെ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടത്തി വരുന്ന പരിശോധനയായ 'ഓപ്പറേഷൻ സൗന്ദര്യ' പോലുള്ള പദ്ധതികൾ ഇനിയുള്ള നാളുകളിൽ കൂടുതൽ കാര്യക്ഷമവും ഊർജിതവുമായി മുന്നോട്ട് കൊണ്ടുപോകേണ്ടതും അനിവാര്യമാണ്. ഇതിനോടൊപ്പം തന്നെ വിദ്യാലയങ്ങളിലും വിപണികളിലും ഡ്രഗ്സ് കൺട്രോൾ ബ്യൂറോയുമെല്ലാം ഒരുമിച്ച് ശ്രമിച്ചാൽ മാത്രമേ കൃത്രിമ സൗന്ദര്യ ഭ്രമത്തിന്റെ ഈ കടന്നുകയറ്റത്തെ നമുക്ക് ഒരു പരിധിവരെയെങ്കിലും തടഞ്ഞുനിർത്താൻ സാധിക്കുകയുള്ളൂ.

ഒരു വിദ്യാലയത്തെ 'ലിപ്സ്റ്റിക് ഫ്രീ' ആയി പ്രഖ്യാപിച്ച ഒരു പ്രധാനാധ്യാപികയുടെ അനുഭവം ഈയിടെ കേൾക്കുകയുണ്ടായി. ആ നിയമം നിലവിൽ വന്നതിന്റെ തൊട്ടടുത്ത ദിവസം ഇതറിയാതെ 'ടീച്ചർ ട്രെയിനിംഗി'നായി വന്ന ഒരു പെൺകുട്ടി ലിപ്സ്റ്റിക്കിട്ട് ക്ലാസിലെത്തിയപ്പോൾ, ഒന്നാം ക്ലാസിലെ കൊച്ചുകുട്ടികൾ വലിയ പ്രതിഷേധവുമായി പ്രധാനാധ്യാപികയുടെ മുറി വളഞ്ഞുവത്രെ! ഈ സംഭവം, നിയമങ്ങൾ കുട്ടികൾ എത്രമാത്രം ഗൗരവത്തോടെയാണ് ഉൾക്കൊള്ളുന്നത് എന്നതിന്റെ തെളിവാണ്. അതുകൊണ്ടുതന്നെ അധ്യാപകർ മാത്രമല്ല, വീട്ടിൽ കുട്ടികൾ ഏറ്റവും കൂടുതൽ അനുകരിക്കുന്ന മാതാക്കളും മൂത്ത സഹോദരിമാരും ഈ സംസ്കാരത്തിൽനിന്ന് സ്വയം മാറിനിൽക്കേണ്ടതുണ്ട്; കാരണം, കുട്ടികളിലേക്ക് ഇത്തരം ഉൽപന്നങ്ങളെത്തുന്നത് സ്വന്തം വീടുകളിൽനിന്ന് തന്നെയാണല്ലോ.




അടിസ്ഥാനപരമായി ഓരോ പെൺകുട്ടിയും തിരിച്ചറിയേണ്ട മറ്റൊരു കാര്യമുണ്ട്; നാളെ മണ്ണോട് ചേരേണ്ട നമ്മുടെ ഈ ശരീരത്തെ നാം എത്രമാത്രം തേച്ചുമിനുക്കിയാലും, അപ്രതീക്ഷിതമായി കടന്നുവരുന്ന മരണം വരെയുള്ള ആയുസ്സ് മാത്രമെ അതിനുള്ളൂ. ഏതാനും ദിവസങ്ങൾക്കുള്ളിൽ മണ്ണിനടിയിലെ പുഴുക്കൾക്ക് ഭക്ഷണമായി മാറേണ്ട വെറുമൊരു ഭൗതികശരീരത്തെ വൃത്തിയാക്കി നടക്കുക എന്നതിനപ്പുറം, വെളുപ്പിക്കാനും ചുവപ്പിക്കാനും വേണ്ടി പണം ധൂർത്തടിക്കുമ്പോൾ, ജീവിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭിക്കാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രയാസപ്പെടുന്ന ലക്ഷക്കണക്കിന് മനുഷ്യരെ കൂടി നാം ഓർക്കണം. കമ്പോളങ്ങൾ ചുണ്ടിൽ പുരട്ടിത്തരുന്നത് വെറുമൊരു നിറമല്ല എന്നും വരുംതലമുറയുടെ, സ്വാഭാവിക സൗന്ദര്യത്തെക്കുറിച്ചുള്ള അപകർഷതാബോധം കൂടിയാണ് എന്നും നാം തിരിച്ചറിയണം. സൗന്ദര്യവർധക വസ്തുക്കളോടുള്ള ഈ ഭ്രമത്തിന് വിരാമം കുറിക്കാനും നമ്മുടെ മക്കളെ അതിൽനിന്ന് രക്ഷപ്പെടുത്താനും നമുക്കൊന്നിച്ച് കൈകോർക്കാം. ■



# ശീഇസം-ഇസ്‌ലാം: ഒരു ദാർശനിക വിശകലനം

ഡോ. ടി. കെ. യൂസുഫ്
: 9349798262

മുസ്‌ലിംകളിൽ ഇസ്‌ലാമിന്റേതല്ലാത്ത കാരണങ്ങളാൽ ഉടലെടുത്ത ഒട്ടനവധി വിഭാഗങ്ങളുണ്ടെങ്കിലും മൊത്തത്തിൽ അവരെ ശിയാക്കൾ-സുന്നികൾ എന്നിങ്ങനെ രണ്ടായാണ് തരംതിരിക്കാറുള്ളത്. പ്രവാചകൻ(സ്വ) ജീവിച്ചിരുന്ന കാലത്ത് ഇങ്ങനെ രണ്ട് വിഭാഗങ്ങൾ രൂപം കൊണ്ടിട്ടില്ല. പ്രവാചകന്റെ വിയോഗാനന്തരം ഖിലാഫത്ത് നബികുടുംബത്തിന് മാത്രം അർഹതപ്പെട്ടതാണ് എന്ന വാദഗതിയോടു കൂടി രംഗത്ത് വരികയും ഇസ്‌ലാമിന്റെ അധ്യാപനങ്ങൾക്ക് തികച്ചും എതിരായ വിശ്വാസങ്ങൾ വെച്ചു പുലർത്തുകയും ചെയ്യുന്ന ഒരു വിഭാഗമാണ് ശീഇകൾ (ശിയാക്കൾ). അവരുടെ വിശ്വാസ പ്രമാണങ്ങൾ വിചിത്രവും സങ്കീർണവും ക്വുർആനിനും സുന്നത്തിനും കടകവിരുദ്ധവുമാണ്. മുസ്‌ലിം സമുദായത്തെ തൗഹീദിൽനിന്ന് വ്യതിചലിപ്പിച്ചതിൽ ശീഈ വിഭാഗങ്ങൾ ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്.

മുസ്‌ലിംകൾ അനവധി വിഭാഗങ്ങളായി വേർപിരിഞ്ഞിട്ടുണ്ടെങ്കിലും ശീഇകളും സുന്നികളും തമ്മിലുള്ള തർക്കവും സംഘട്ടനങ്ങളുമാണ് ഏറ്റവും കൂടുതൽ രക്തച്ചൊരിച്ചിലുകൾക്ക് കാരണമായിട്ടുള്ളത്. ഇസ്‌ലാമിന്റെ ചരിത്രത്തിലെ പതിനാല് നൂറ്റാണ്ടുകൾക്കിടയിൽ ഈ സംഘട്ടനങ്ങളുടെ ശക്തിക്ക് ഏറ്റക്കുറച്ചിൽ സംഭവിച്ചിട്ടുണ്ടെങ്കിലും അത് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നുണ്ട്. എരിതീയിൽ എണ്ണയൊഴിച്ചു കൊണ്ട് ശീഈ-സുന്നി തർക്കങ്ങളെയും സംഘട്ടനങ്ങളെയും ആളിക്കത്തിക്കുന്നതിന് വേണ്ടിയാണ് ശത്രുക്കൾ ശ്രമിച്ചിട്ടുള്ളത്.

മുസ്‌ലികളിലെ ഭിന്നിപ്പുകൾ ഇല്ലാതാക്കി അവരെ ഐക്യമുള്ളവരാക്കിത്തീർക്കുക എന്നത് മഹത്തായ ഒരു പുണ്യകർമമാണ്. ക്വുർആനിന്റെ ഐക്യപ്പെടാനുള്ള ആഹ്വാനം കാണുക: "നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിച്ച് പോകരുത്..." (ആലുഇംറാൻ: 103)

ഈ പിടിവള്ളിയിൽനിന്ന് അകന്നതുകൊണ്ടാണ് മുസ്‌ലിംകൾ ഭിന്നിച്ച് കക്ഷികളായി പിരിഞ്ഞത്. തർക്കവും അഭിപ്രായ വ്യത്യാസവും ഉണ്ടാകുമ്പോൾ അവലംബിക്കേണ്ട മാർഗവും ക്വുർആൻ വിവരിക്കുന്നുണ്ട്. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽനിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (നിസാഅ്: 59).

കേവലം തർക്കങ്ങൾക്കും അഭിപ്രായ വ്യത്യാസങ്ങൾക്കും ഉപരിയായി മുസ്‌ലികൾക്കിടയിൽ യുദ്ധവും സംഘട്ടനവും ഉണ്ടാകുകയാണങ്കിൽ അപ്പോൾ സ്വീകരിക്കേണ്ട മാർഗവും ക്വുർആൻ പറഞ്ഞു തരുന്നുണ്ട്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളിൽ നിന്നുള്ള രണ്ടു വിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കണം. എന്നിട്ടു രണ്ടിൽ ഒരു വിഭാഗം മറുവിഭാഗത്തിനെതിരിൽ അതിക്രമം കാണിച്ചാൽ അതിക്രമം കാണിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കൽപനയിലേക്ക് മടങ്ങിവരുന്നതുവരെ നിങ്ങൾ സമരം നടത്തണം. അങ്ങനെ ആ വിഭാഗം മടങ്ങിവരികയാണെങ്കിൽ നീതിപൂർവം ആ രണ്ടു വിഭാഗങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും നിങ്ങൾ നീതി പാലിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു" (ഹുജുറാത്ത്: 9).

ഇങ്ങനെ മുസ്‌ലിം ഐക്യ

ത്തിന് വേണ്ട ഒട്ടനവധി മാർഗനിർദേശങ്ങൾ ഖുർആനും സുന്നത്തും വ്യക്തമാക്കുന്നുണ്ടെങ്കിലും ശീഈ-സുന്നി സംഘട്ടനം പരിഹരിക്കാൻ ഈ നിർദേശങ്ങൾ ഫലപ്രദമാകാനിടയില്ല. കാരണം ഈ പറഞ്ഞ മാർഗങ്ങളെല്ലാം ഖുർആനും സുന്നത്തും അനുസരിച്ച് ജീവിക്കുന്ന മുസ്‌ലിംകൾക്ക് ബാധകമായതാണ്. പ്രമാണങ്ങൾക്ക് വിരുദ്ധമായ വിശ്വാസ-ആചാരങ്ങൾ വെച്ച് പുലർത്തുന്ന ശീഇകൾക്ക് ഈ മാനദണ്ഡം സ്വീകാര്യമാകില്ല. അതനുസരിച്ച് ഐക്യപ്പെടാൻ അവർ തയ്യാറാകുകയുമില്ല.


ശീഇകളെയും സുന്നികളെയും അടുപ്പിക്കാൻ ഒരുപാട് ശ്രമങ്ങൾ നടന്നിട്ടുണ്ട്. ശീഇകളും സുന്നികളും തമ്മിൽ വിശ്വാസത്തിലും മതത്തിന്റെ അടിസ്ഥാന കാര്യങ്ങളിലും വ്യത്യാസമില്ല എന്ന നിലയ്ക്കാണ് ഈ ശ്രമങ്ങളെല്ലാം നടന്നിട്ടുള്ളത്. ഇവർ തമ്മിലുള്ള തർക്കം ശാഖാപരമാണെന്ന ധാരണയിൽനിന്നാണ് ഇത്തരത്തിലുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുള്ളത്. കർമശാസ്ത്രവിഷയങ്ങളിൽ വ്യത്യസ്ത വീക്ഷണങ്ങൾ വെച്ചുപുലർത്തുന്ന മദ്ഹബുകൾക്കിടയിൽ വേണമെങ്കിൽ ഒരു ഐക്യം സാധ്യമാകാനിടയുണ്ട്. എന്നാൽ ശീഇകളും സുന്നികളും തമ്മിൽ ഇത് അസാധ്യമാണ്. ഈ രണ്ട് വിഭാഗങ്ങൾ തമ്മിൽ അടിസ്ഥാന അന്തരമുണ്ടായിട്ടും അവർ തമ്മിൽ കാതലായ വ്യത്യാസമില്ല എന്ന് പലരും ഫത്‌വ നൽകുന്നത് ജനങ്ങളെ ബോധപൂർവം വഴിതെറ്റിപ്പിക്കാനുള്ള ശ്രമമാണ്. സർവോപരി ഇത്തരം ഫത്‌വകൾ അല്ലാഹുവിന്റെ സത്യ മതത്തിൽനിന്നും ആളുകളെ അകറ്റാനുള്ള ഒരു ശ്രമം കൂടിയാണ്. ശീഇകളുടെ പിഴച്ച വിശ്വാസമാണ് യഥാർഥ ഇസ്‌ലാം എന്ന് ആരെങ്കിലും തെറ്റിദ്ധരിക്കുകയാണെങ്കിൽ അതിന്റെ ഭവിഷ്യത്ത് അപകടകരമാണ്. അതുകൊണ്ട് തന്നെ ഇത്തരം വിലയിരുത്തലുകൾ വ്യക്തമായ തെളിവുകളുടെയും പ്രമാണങ്ങളുടെ പിൻബലത്തിലും മാത്രമെ നടത്താൻ പാടുള്ളൂ. കാരണം, രണ്ട് വിഭാഗങ്ങൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസം മറച്ചുവെക്കുന്നതിലൂടെ അത് നിർമാർജനം ചെയ്യാനാവുകയില്ല; മറിച്ച് അത് കൂടുതൽ ശക്തിയാർജിക്കുകയാണുണ്ടാകുക. ഒരു രോഗിയെ ആരോഗ്യവാനായി ഗണിക്കുകയും അതനുസരിച്ച് അവനുമായി ഇടപഴകുകയും ചെയ്താൽ അതിന്റെ ഫലം വിനാശകരമായിരിക്കും.

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളോട് നിഷേധാത്മക നിലപാട് സ്വീകരിക്കുന്ന ശീഇകളോട് രാജിയാകുന്നതിലൂടെ രാഷ്ട്രീയ-സാമുദായിക നേട്ടങ്ങൾ ലഭിക്കുമെങ്കിലും പാരത്രിക രക്ഷ ആഗ്രഹിക്കുന്നവർക്ക് അവരുടെ വിശ്വാസവൈകല്യം മറച്ചുവെക്കാൻ കഴിയുകയില്ല. മതം ഗുണകാംക്ഷയാണ് എന്ന തത്ത്വത്തിൽ വിശ്വസിക്കുന്ന ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ശീഇകളുടെ ശിർക്കൻ വിശ്വാസങ്ങളെ തമസ്കരിക്കുന്നതോ അല്ലെങ്കിൽ അവ കണ്ടില്ലെന്ന് നടിക്കാതെ മണലിൽ തലപൂഴ്ത്തുന്നതോ ആയ നിലപാട് ഒരിക്കലും അഭികാമ്യമല്ല. അതുകൊണ്ട് തന്നെ ആത്മാർഥതയുള്ള പ്രബോധകർ ഈ അടിസ്ഥാന ഭിന്നത അനാവരണം ചെയ്യാനാണ് പരിശ്രമിക്കേണ്ടത്. തെറ്റായ വിശ്വാസങ്ങൾ വെച്ചു പുലർത്തുന്ന ശീഇകൾ അണിഞ്ഞിട്ടുള്ള തെറ്റിദ്ധാരണയുണ്ടാക്കുന്ന മുഖംമൂടി അനാവരണം ചെയ്യൽ അനിവാര്യമാണ്.

ശീഇകളുടെയും സുന്നികളുടെയും വിശ്വാസം പഠനവിധേയമാക്കിയെങ്കിൽ മാത്രമെ അവർ തമ്മിൽ അനുരഞ്ജനം സാധ്യമാകുമോ എന്ന് വിലയിരുത്താനാകുകയുള്ളൂ. സുന്നികൾ അവരുടെ വിശ്വാസത്തിന്റെ അടിസ്ഥാന സ്രോതസ്സ് ശീഇകളോട് എതിരായിത്തീരുന്നത് ഏതെല്ലാം കാര്യങ്ങളിലാണ് എന്ന് സൂക്ഷ്മമായി വിലയിരുത്തുന്നത് അനിവാര്യമാണ്. ശീഇകൾ ആര് എന്നതിന് ഒരു നിർവചനം ആവശ്യമാകുന്നത് പോലെ സുന്നികൾ ആര് എന്നതിനും ഒരു നിർവചനം അനിവാര്യമാണ്. ശീഇകൾ തങ്ങളാണ് സത്യത്തിലെന്ന് വാദിക്കുന്നതുകൊണ്ടും സുന്നികൾക്കെതിൽ ആസൂത്രിതമായ നീക്കങ്ങൾ നടത്തുന്നതിനാലും അവരുടെ വിശ്വാസവും പഠനവിധേയമാക്കേണ്ടതുണ്ട്.

ശീഈ വിശ്വാസ സംഹിതകളെക്കുറിച്ച് ലഭ്യമായ പുസ്തകങ്ങൾ അവലംബിച്ചുകൊണ്ട് തയ്യാറാക്കിയ ഒരു പഠനമാണിത്. സമഗ്രവും സമ്പൂർണവുമാണ് എന്ന് അവകാശപ്പെടുന്നില്ല. ശീഈ നേതാക്കൾക്ക് ആത്മീയ പരിവേഷം ചാർത്തി അവരെ സംപൂജ്യരായി ഗണിക്കുന്നവർക്കും, ശീഇകൾ ഇസ്‌ലാമിലെ അടിസ്ഥാന വിശ്വാസങ്ങൾ മുറുകെ പിടിക്കുന്ന ഒരു വിഭാഗമാണ് എന്ന് തെറ്റിദ്ധരിച്ചവർക്കും, ശീഈ-സുന്നി ഐക്യത്തിന്റെ സാധ്യതകൾ ആരായുന്നവർക്കും ശീഇകളെക്കുറിച്ച് ഏകദേശ ധാരണയുണ്ടാക്കാൻ ഈ ലേഖന പരമ്പര സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

*(തുടരും)*



ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇസ്‌ലാമിനെതിരെ പലവിധ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ കാലവും സാഹചര്യങ്ങളും മാറിയതോടെ ആരോപണങ്ങളുടെ രൂപവും ഭാഷയും മാറിയെങ്കിലും അതിന്റെ ലക്ഷ്യം ഇന്നും അതേപടി തുടരുന്നു. ആഗോളവത്കരണത്തിന്റെയും സാമൂഹിക മാധ്യമങ്ങളുടെയും കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ വിശ്വാസങ്ങളും ആചാരങ്ങളും സംബന്ധിച്ച് വ്യാപകമായ തെറ്റുധാരണകൾ ബോധപൂർവം എല്ലായിടത്തും പ്രചരിപ്പിക്കപ്പെടുന്നുണ്ട്.

# ബലികർമവും ബാലിശമായ ആരോപണങ്ങളും

ഡോ. ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
: 9497385707

ആധുനിക കാലത്ത് ഇസ്‌ലാമിനെതിരിൽ ഉയർത്തപ്പെടുന്ന വിമർശനങ്ങളിൽ ഏറെ ചർച്ച ചെയ്യപ്പെടുന്നതും തെറ്റുധാരണജനകവുമായ ഒന്നാണ് ഇസ്‌ലാമിലെ ‘ഉദുഹിയ്യത്ത്’ (ക്വുർബാനി) അഥവാ ബലികർമം. ബലിപെരുന്നാളിനോടനുബന്ധിച്ച് മുസ്‌ലിംകൾ നിർവഹിക്കുന്ന ഈ ആരാധനാചടങ്ങിനെതിരെ മൃഗങ്ങളോടുള്ള ക്രൂരത, സമ്പത്തിന്റെ പാഴ്ചെലവ്, ആധുനികയുഗത്തിൽ അപ്രസക്തമായ കാര്യം എന്നിങ്ങനെ പലതരത്തിലുള്ള ആരോപണങ്ങൾ സോഷ്യൽ മീഡിയയിലും പൊതുവേദികളിലും ഉയർന്നുവരാറുണ്ട്.

ഈ വിമർശനങ്ങളിൽ എത്രത്തോളം യാഥാർഥ്യമുണ്ട്, ഇസ്‌ലാം യഥാർഥത്തിൽ എന്താണ് പഠിപ്പിക്കുന്നത്, ഇതിന്റെ ആത്മീയവും സാമൂഹികവും സാമ്പത്തികവുമായ പ്രാധാന്യം എന്താണ് തുടങ്ങിയ വിഷയങ്ങളിൽ വ്യക്തവും സമഗ്രവുമായ ഒരു വിശകലനം ആവശ്യമാണ്.

ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇസ്‌ലാമിനെതിരെ പലവിധ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ കാലവും സാഹചര്യങ്ങളും

മാറിയതോടെ ആരോപണങ്ങളുടെ രൂപവും ഭാഷയും മാറിയെങ്കിലും അതിന്റെ ലക്ഷ്യം ഇന്നും അതേപടി തുടരുന്നു. ആഗോളവത്കരണത്തിന്റെയും സാമൂഹിക മാധ്യമങ്ങളുടെയും കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ വിശ്വാസങ്ങളും ആചാരങ്ങളും സംബന്ധിച്ച് വ്യാപകമായ തെറ്റുധാരണകൾ ബോധപൂർവം എല്ലായിടത്തും പ്രചരിപ്പിക്കപ്പെടുന്നുണ്ട്.

അടർക്കളങ്ങളിൽ പരാജയപ്പെട്ട ഇസ്‌ലാംവിരുദ്ധ ശക്തികൾ പിന്നീട് ബൗദ്ധികവും സാംസ്‌കാരികവുമായ ആക്രമണങ്ങളിലേക്ക് തിരിയുകയായിരുന്നു. ഇസ്‌ലാമിക ആചാരങ്ങളെ പശ്ചാത്തലത്തിൽ നിന്ന് വേർതിരിച്ച് അവതരിപ്പിക്കുകയും അവയെ അസഭ്യമായോ ക്രൂരമായോ ചിത്രീകരിക്കുകയും ചെയ്യുന്നതാണ് ഇവരുടെ പ്രധാന ശൈലി. ബലികർമത്തെക്കുറിച്ചുള്ള വിമർശനങ്ങളും ഇതേ പശ്ചാത്തലത്തിൽ വേണം നാം മനസ്സിലാക്കാൻ.

അറബി ഭാഷയിലെ 'ഖുർബ്' എന്ന മൂലപദത്തിൽ നിന്നാണ് 'ഖുർബാൻ' ഉണ്ടായത്. ഇതിന്റെ അർഥം 'സമീപിക്കുക' എന്നാണ്. അതായത് ഖുർബാനി എന്നത് മാംസം ലഭിക്കാനോ മൃഗങ്ങളെ കൊല്ലാനോ വേണ്ടി മാത്രം നടത്തുന്ന ഒരു ചടങ്ങല്ല; മറിച്ച് അല്ലാഹുവിനോട് കൂടുതൽ അടുക്കുന്നതിനുള്ള ഒരു ആരാധനയാണ്.

ഇതിന്റെ ലക്ഷ്യത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നത്, മൃഗങ്ങളുടെ മാംസമോ രക്തമോ അല്ലാഹുവിലേക്ക് എത്തുന്നില്ലെന്നും, മറിച്ച് മനുഷ്യന്റെ തക്‌വ അഥവാ ദൈവഭയമാണ് അവനിലേക്ക് എത്തുന്നത് എന്നുമാണ്. അല്ലാഹുവിന്റെ കൽപനകൾക്ക് പൂർണമായി കീഴടങ്ങാനുള്ള മനോഭാവവും ത്യാഗസന്നദ്ധതയും പ്രകടിപ്പിക്കുകയാണ് ഇതിന്റെ യഥാർഥ ഉദ്ദേശ്യം.

ഖുർബാനിയുടെ ചരിത്രം ഇബ്‌റാഹീം നബി(അ) എന്ന മഹാനുമായി ബന്ധപ്പെട്ടതാണ്. വാർധക്യത്തിൽ ലഭിച്ച പ്രിയപുത്രനായ ഇസ്മാഈലി(അ)നെ അല്ലാഹുവിന്റെ കൽപന പ്രകാരം ബലിയർപ്പിക്കാൻ അദ്ദേഹം സന്നദ്ധനായി. വൃദ്ധനായ ഒരു പിതാവ് തന്റെ ഏകമകനെ ബലിയർപ്പിക്കാൻ തയ്യാറാകുക എന്നത് പൊതുവെ മനുഷ്യപ്രകൃതിക്ക് അസാധ്യമായ ത്യാഗമാണ്.

എന്നാൽ അല്ലാഹുവിന്റെ ഉത്തരവിന് മുന്നിൽ ആ പിതാവും പുത്രനും പൂർണമായും സമർപ്പിതരായി. അവരുടെ ഈ അനുസരണയും വിശ്വാസവും സ്വീകരിച്ച് അംഗീകരിച്ച അല്ലാഹു, മനുഷ്യബലിക്ക് പകരം ഒരു ആടിനെ ബലിയർപ്പിക്കാൻ നിർദേശിച്ചു. അതിന്റെ സ്മരണയാണ് ഇന്നും മുസ്‌ലിംകൾ ഖുർബാനിയിലൂടെ നിലനിർത്തുന്നത്.

ഇതിനെതിരെ ഉയരുന്ന സാധാരണമായ ഒരു ആരോപണം ഇതൊരു ക്രൂരതയാണെന്നതാണ്. എന്നാൽ ലോകമെമ്പാടും ദിവസവും കോടിക്കണക്കിന് മൃഗങ്ങൾ വ്യവസായ ആവശ്യങ്ങൾക്കായി കൊല്ലപ്പെടുന്നുണ്ടെന്നത് വസ്തുതയാണ്. ഗോ സംരക്ഷണ കേന്ദ്രങ്ങളിൽ മൃഗങ്ങൾ അനുഭവിക്കുന്ന പീഡനങ്ങളെക്കുറിച്ച് പല പഠനങ്ങളും വെളിപ്പെടുത്തിയിട്ടുണ്ട്. ഇതിലൊന്നും ക്രൂരത കാണാത്തവർ ഇസ്‌ലാമിലെ ബലികർമത്തെ ക്രൂരതയെന്ന് വിശേഷിപ്പിക്കുന്നതിനു പിന്നിലെ ലക്ഷ്യം വേറെയാണ്.

ഇസ്‌ലാം മൃഗങ്ങളോട് കാരുണ്യം കാണിക്കാൻ കർശനമായ നിർദേശങ്ങൾ നൽകുന്ന മതമാണ്. മുഹമ്മദ് നബി(സ്വ) എല്ലാ കാര്യങ്ങളിലും 'ഇഹ്‌സാൻ' അഥവാ ഏറ്റവും മികച്ച രീതിയിലുള്ള പ്രവർത്തനം നിർബന്ധമാക്കിയിട്ടുണ്ട്. അറുക്കുമ്പോൾ കത്തിക്ക് മൂർച്ചകൂട്ടുക, മൃഗത്തെ മറ്റൊരു മൃഗത്തിന്റെ മുമ്പിൽ വെച്ച് അറുക്കാതിരിക്കുക, ഭയപ്പെടുത്താതിരിക്കുക, വേഗത്തിൽ അറുത്ത് വേദന കുറയ്ക്കുക തുടങ്ങിയ കരുണയുള്ള നിർദേശങ്ങൾ നൂറ്റാണ്ടുകൾക്ക് മുമ്പേ ഇസ്‌ലാം നൽകിയിട്ടുമുണ്ട്.

മാംസം ഭക്ഷിക്കൽ തെറ്റാണെന്ന വാദവും ബലികർമത്തിനെതിരെ ഉയരാറുണ്ട്. മനുഷ്യന്റെ ദഹന വ്യവസ്ഥയും പല്ലുകളുടെ ഘടനയും പരിശോധിക്കുമ്പോൾ, സസ്യഭക്ഷണവും മാംസഭക്ഷണവും ഒരുപോലെ കഴിക്കാൻ കഴിയുന്ന ജീവിയായാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കാനാവും. മുൻപല്ലുകൾ, കോമ്പല്ലുകൾ, അണപ്പല്ലുകൾ എന്നിവ ഇതിന് തെളിവാണ്. മാംസത്തിൽ അടങ്ങിയിരിക്കുന്ന പ്രോട്ടീൻ, വിറ്റാമിൻ, ഇരുമ്പ് തുടങ്ങിയ പോഷകഘടകങ്ങൾ മനുഷ്യശരീരത്തിന്റെ ആരോഗ്യത്തിന് ഏറ്റവും പ്രധാനപ്പെട്ടവയാണ്. മാംസം കഴിക്കുന്നത് മനുഷ്യസ്വഭാവത്തിന് വിരുദ്ധമാണെന്ന വാദത്തിന് ലവലേശം ശാസ്ത്രീയ അടിത്തറയില്ല.

'മൃഗത്തെ വാങ്ങാൻ ചെലവാക്കുന്ന പണം പാവങ്ങൾക്ക് കൊടുത്താൽ പോരേ' എന്ന ചോദ്യം യുക്തിസഹമായി തോന്നാമെങ്കിലും, ബലികർമം ഒരു

ലേഖനം

ആരാധനയാണെന്ന അടിസ്ഥാനപരമായ കാര്യം ഇവിടെ അവർ മറന്നുപോകുന്നു. നമസ്കാരത്തിന് പകരം പണം നൽകാൻ കഴിയാത്തതുപോലെ, ക്വുർബാനിക്ക് പകരമായി പണം നൽകാൻ സാധ്യമല്ല. അതേസമയം, മാംസം ബന്ധുക്കൾക്കും അയൽവാസികൾക്കും ദരിദ്രർക്കും വിതരണം ചെയ്യുന്നതിലൂടെ ദരിദ്രർക്ക് പോഷകസമൃദ്ധമായ ഭക്ഷണം ലഭിക്കുകയും സാമൂഹിക ഐക്യം ശക്തിപ്പെടുകയും ചെയ്യുന്നു. ഒപ്പം, ഇത് കന്നുകാലി വളർത്തുന്ന കർഷകർക്കും വിപണികൾക്കും ഗതാഗതമേഖലയ്ക്കും വലിയ സാമ്പത്തിക ഉണർവ് നൽകുന്നു. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയിൽ ബലികർമം വലിയ പങ്കുവഹിക്കുന്നുണ്ട്.

പരിസ്ഥിതിയുമായി ബന്ധപ്പെട്ട ആരോപണങ്ങൾക്കും പ്രായോഗികമായ പരിഹാരമാണുള്ളത്. ഇസ്‌ലാം ശുചിത്വത്തിന് വലിയ പ്രാധാന്യം നൽകുന്നു; അതിനാൽ കുർബാനിക്കുശേഷമുള്ള അവശിഷ്ടങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കേണ്ടത് മുസ്‌ലിം സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്.

ഇന്ന് പല യുവാക്കളും സോഷ്യൽ മീഡിയയിലൂടെ ലഭിക്കുന്ന അപൂർണമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മതത്തെയും വിശ്വാസത്തെയും വിലയിരുത്തുന്നത്. അതിനാൽ ഇത്തരം സംശയങ്ങൾക്ക് വികാരപരമായ പ്രതികരണങ്ങൾക്കു പകരം വിജ്ഞാനപരമായ മറുപടികളാണ് നൽകേണ്ടത്. ഇസ്‌ലാമിക വിജ്ഞാനം ആർജിക്കുകയും അത് പുതുതലമുറക്ക് പകർന്നുനൽകുകയും ചെയ്യേണ്ടത് മുസ്‌ലിം സമൂഹത്തിന്റെ കടമയാണ്. ■




ഈ കുറിപ്പിന്റെ ആദ്യ ഭാഗത്തിന് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. രണ്ടാമതായി ചർച്ച ചെയ്യാൻ പോകുന്ന വിഷയം ഞാൻ വർഷങ്ങളായി പ്രവർത്തിക്കുന്ന മേഖലയായതുകൊണ്ട് കുറച്ചേറെ കാര്യങ്ങൾ പറയാനുണ്ട്. UDF മാനിഫെസ്റ്റോയിലെ ഒരു പ്രധാന വിദ്യാഭ്യാസ വാഗ്ദാനം ഇതാണ്:

സർക്കാർ സ്കൂളുകളിൽ നീറ്റ് (NEET), ജെ.ഇ.ഇ (JEE), പി.എസ്.സി (PSC), യു.പി.എസ്.സി (UPSC) പോലുള്ള മത്സരപ്പരീക്ഷകൾക്കുള്ള ഫൗണ്ടേഷൻ കോഴ്സുകൾ ((foundation courses)കൊണ്ടുവരും.

ഇത് കേൾക്കുമ്പോൾ നല്ല ആശയമാണ്. കാരണം കോച്ചിങ് (coaching) ചെലവേറിയതാണ്. എല്ലാവർക്കും അത്

# യു.ഡി.എഫ് മാനിഫെസ്റ്റോയും കേരളത്തിലെ വിദ്യാഭ്യാസ ഭാവിയും

2

UDF പ്രകടനപത്രികയുടെ ലക്ഷ്യം നല്ലതാണ്. കോച്ചിങ് ജനകീയമാക്കണം. സ്വകാര്യ കോച്ചിങ് താങ്ങാൻ കഴിയാത്ത കുട്ടികൾക്കും അവസരം ലഭിക്കണം. സർക്കാർ സ്കൂൾ വിദ്യാർഥികൾക്കും മത്സരപ്പരീക്ഷാ പരിചയം വേണം. ഇതിൽ പൂർണമായും യോജിക്കുന്നു. പക്ഷേ, പ്രശ്നം തിരിച്ചറിയുന്നത് ശരിയാകണം. വിദ്യാർഥികൾ NEET/JEEൽ പിന്നിലാകുന്നത് കോച്ചിങ് ഇല്ലാത്തതുകൊണ്ടല്ല. അവർക്ക് സ്കൂൾ വ്യവസ്ഥിതി തന്നെ വേണ്ടത്ര ആശയപരമായ ആഴം കൊടുക്കാത്തതു കൊണ്ടാണ്.

സി മുഹമ്മദ് അജ്മൽ
: 8124301015

താങ്ങാൻ കഴിയില്ല. സ്വകാര്യ കോച്ചിങ് ലഭിക്കുന്ന കുട്ടികൾക്ക് മുൻതൂക്കം ലഭിക്കുന്നു. അതുകൊണ്ട് സർക്കാർ സ്കൂളുകളിൽതന്നെ മത്സരപ്പരീക്ഷാ പരിശീലനം നൽകണം എന്ന ചിന്തയ്ക്ക് ഒരു സാമൂഹിക നീതിയുടെ വശമുണ്ട്. പക്ഷേ, ഇവിടെ ഒരു വലിയ ചോദ്യം ചോദിക്കാനുണ്ട്:

കേരളത്തിലെ കുട്ടികൾ മത്സരപ്പരീക്ഷകളിൽ പിന്നിലാകുന്നത് കോച്ചിങ് ഇല്ലാത്തതുകൊണ്ടാണോ? അല്ലെങ്കിൽ, സ്കൂൾ വിദ്യാഭ്യാസത്തിന്റെ അടിത്തറ തന്നെ ദുർബലമാകുന്നതുകൊണ്ടാണോ?

എന്റെ അഭിപ്രായത്തിൽ, UDFന്റെ ഈ വാഗ്ദാനം ഒരു യഥാർഥ പ്രശ്നത്തെ അഭിസംബോധന ചെയ്യാൻ ശ്രമിക്കുന്നുണ്ട്. ആ പ്രശ്നത്തിന്റെ യഥാർഥ കാരണത്തെ ഒന്നുകൂടി ആഴത്തിൽ മനസ്സിലാക്കാൻ നമുക്ക് ശ്രമിക്കാം! ആദ്യം ചില കണക്കുകൾ നോക്കാം:

2022ൽ കേരളത്തിൽനിന്ന് എല്ലാ 23 ഐ.ഐ.ടി (IIT)കളിലേക്കും ചേർന്ന വിദ്യാർഥികളുടെ എണ്ണം ഏകദേശം 181 മാത്രമാണ്. രാജസ്ഥാനിൽനിന്ന് അതേ വർഷം 2,184 വിദ്യാർഥികൾ ഐ.ഐ. ടികളിൽ പ്രവേശിച്ചു. തെലങ്കാനയിൽനിന്ന് 1,644. JEE Advanced എഴുതിയ കേരളത്തിലെ 2,803 വിദ്യാർഥികളിൽ യോഗ്യത നേടിയത് ഏകദേശം 6.4% മാത്രം.

ഇവിടെ മറ്റൊരു യാഥാർഥ്യവുംകൂടി അറിയേണ്ടതുണ്ട്. കേരളത്തിൽനിന്ന് ഐ.ഐ.ടിയിൽ കയറിയ 181 പേരിൽ ബോംബെ, ഡൽഹി, മദ്രാസ്, കാൺപൂർ പോലുള്ള മുൻനിര ഐ.ഐ.ടികളിലെ കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രിക്കൽ എഞ്ചിനീയറിങ് പോലുള്ള മുൻനിര ശാഖകളിൽ കയറിയവരുടെ എണ്ണം വളരെ കുറവായിരിക്കും.

NEET 2025ലും അതേ മാതൃക തന്നെ. കേരള ടോപ്പർമാരുടെ റാങ്ക് AIR 109. ആദ്യ 100 റാങ്കിൽ ഒരു കേരള വിദ്യാർഥി പോലുമില്ല. 100% സാക്ഷരതയും വിദ്യാഭ്യാസത്തിന് പ്രഥമ പരിഗണന നൽകുന്ന സംസ്കാരവുമുള്ള, അതിൽ അഭിമാനിക്കുന്ന ഒരു സംസ്ഥാനത്തിന് ഇത് ഗുരുതരമായ ഒരു മുന്നറിയിപ്പാണ്.

സി.യു.ഇ.റ്റി (CUET) വന്നതിനു ശേഷം ഡൽഹി സർവകലാശാലയിൽ കേരള വിദ്യാർഥികളുടെ എണ്ണം കുത്തനെ കുറഞ്ഞു. അതിനു മുമ്പ് കേരള ബോർഡ് മാർക്കുകളുടെ അടിസ്ഥാനത്തിൽ ഡൽഹി സർവകലാശാലയിൽ വലിയ തോതിൽ കേരള വിദ്യാർഥികൾ പ്രവേശനം നേടിയിരുന്നു. ഉദാഹരണത്തിന്, ഹിന്ദു കോളേജ് പൊളിറ്റിക്കൽ

**കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിൽ പലയിടങ്ങളിലും പരീക്ഷാ രീതി, പ്രതീക്ഷിക്കുന്ന ഉത്തരങ്ങൾ, ആവർത്തിക്കുന്ന ചോദ്യങ്ങൾ, ഉദാരമായ ആന്തരിക മൂല്യനിർണയം** (internal assessment)**എന്നിവയിലാണ് ശ്രദ്ധ. ആശയപരമായ ധാരണ, പ്രശ്നപരിഹാരശേഷി, സംഖ്യാബോധം, ശാസ്ത്രീയചിന്ത എന്നിവയ്ക്ക് പലപ്പോഴും രണ്ടാമത്തെ സ്ഥാനമാണ്. അതിന്റെ ഫലമായി ഒരു വിദ്യാർഥിക്ക് പാഠപുസ്തകത്തിലെ ചോദ്യം ചെയ്യാൻ കഴിയും. പക്ഷേ, അതേ ആശയം അപരിചിത മായ ഒരു സാഹചര്യത്തിൽ പ്രയോഗിക്കാൻ കഴിയില്ല.**

സയൻസ് പ്രോഗ്രാമിൽ ഒരിക്കൽ 146 വിദ്യാർഥികളിൽ 120 പേരും കേരള ബോർഡിൽ നിന്നായിരുന്നു. CUET വന്നപ്പോൾ ഏകീകൃത എൻ.സി.ഇ.ആർ.ടി (NCERT) അധിഷ്ഠിത പ്രവേശന പരീക്ഷവഴി പ്രവേശനം നടന്നു. അതിനുശേഷം അതേ പ്രോഗ്രാമിൽ കേരള ബോർഡ് വിദ്യാർഥികൾ: 59ൽ 1.

ഇത് ചെറിയ മാറ്റമല്ല. ഇത് കേരള ബോർഡ് പരീക്ഷാ മാർക്കുകൾക്കും യഥാർഥ പഠന നിലവാരത്തിനും ഇടയിലുള്ള വലിയ വ്യത്യാസം പുറത്തുകാട്ടിയ സംഭവമാണ്. സ്റ്റേറ്റ് ബോർഡ് പരീക്ഷയിൽ 95%ൽ കൂടുതൽ വാങ്ങിയ വിദ്യാർഥികൾക്ക്, ഏകീകൃത പുറം പരീക്ഷകളിൽ അതേ നിലവാരം കാണിക്കാൻ കഴിഞ്ഞില്ല. അപ്പോൾ, ചോദ്യം മാർക്ക് കുറവാണോ എന്നതല്ല; മാർക്കുകൾ യഥാർഥ പഠനത്തെ പ്രതിഫലിപ്പിക്കുന്നുണ്ടോ എന്നതാണ്.

'പ്രഥം' എന്ന സന്നദ്ധ സംഘടന നടത്തുന്ന എസർ (ASER) ലെ കണക്കുകൾ കേരളത്തിന് വളരെ അസ്വസ്ഥമായ ഒരു ചിത്രം കാണിക്കുന്നു.

അഞ്ചാം ക്ലാസ് വിദ്യാർഥികളിൽ അടിസ്ഥാന ഹരണം (basic division) ചെയ്യാൻ കഴിയുന്നവർ:

| | |
|---|---|
| 2012ൽ | 45.9% |
| 2024ൽ | 21.0% |

അതായത് 12 വർഷംകൊണ്ട് പകുതിയിലധികം ഇടിവ്.

മൂന്നാം ക്ലാസ് വിദ്യാർഥികളിൽ കുറയ്ക്കൽ ചെയ്യാൻ കഴിയുന്നവർ:

| | |
|---|---|
| 2012ൽ | 52.7% |
| 2024ൽ | 32.6% |

എട്ടാം ക്ലാസ് വിദ്യാർഥികളിൽ ഹരണം ചെയ്യാൻ കഴിയുന്നവർ:

| | |
|---|---|
| 2014ൽ | 59.4% |
| 2024ൽ | 38.5% |

**ഇത് വീണ്ടും വായിക്കുക!**

2024ൽ കേരളത്തിലെ അഞ്ചാം ക്ലാസ് വിദ്യാർഥികളിൽ 79% പേർക്ക് അടിസ്ഥാന ഹരണം ചെയ്യാൻ കഴിയുന്നില്ല. അപ്പോൾ നാം സംസാരിക്കുന്നത് NEET/JEE ഫൗണ്ടേഷൻ കോഴ്സുകളെ കുറിച്ചാണ്. ഇത് ഒരു നയപരമായ പൊരുത്തക്കേടാണ് (policy mismatch).

10 വയസ്സുള്ള കുട്ടിക്ക് ഹരണം അറിയാത്ത അവസ്ഥയിൽ, 15 വയസ്സിൽ JEE ഫൗണ്ടേഷൻ പഠിപ്പിച്ചാൽ അത് എത്രത്തോളം ഫലപ്രദമാകും?

- NAS 2021: ഗണിതത്തിൽ കേരളം ദേശീയ ശരാശരിക്ക് താഴെ.
- ദേശീയ നേട്ട സർവേ (National Achievement Survey 2021)ൽ പത്താം ക്ലാസ് ഗണിതത്തിൽ കേരളത്തിന്റെ സ്കോർ: 210/500.
- ദേശീയ ശരാശരി: 220.
- അതായത് കേരളം ദേശീയ ശരാശരിക്ക് താഴെയാണ്.
- പഞ്ചാബ് സ്കോർ: 273.
- ബീഹാർ സ്കോർ: 229.

അതെ, ഗണിതത്തിൽ ബീഹാർ പോലും കേരളത്തെക്കാൾ മുന്നിലാണ്. വിദ്യാഭ്യാസ രംഗത്തെ നേതാവ് എന്ന് സ്വയം വിശേഷിപ്പിക്കുന്ന ഒരു സംസ്ഥാനത്തിന് ഇത് വലിയൊരു ഉണർത്തുപാട്ടാണ് (wake-up call). നമ്മൾ അനവധി എ പ്ലസുകാരെ ഉണ്ടാക്കുന്നു; പക്ഷേ,

ദേശീയ മൂല്യനിർണയത്തിൽ പിന്നിലാണ്.

- CUETൽ പ്രകടനം താഴുന്നു.
- JEE/NEETൽ മുൻനിര റാങ്കുകൾ കുറയുന്നു.
- ASERൽ അടിസ്ഥാന ഗണിത ശേഷി ഇടിഞ്ഞുകൊണ്ടിരിക്കുന്നു.

ഇത് വ്യവസ്ഥിതിയുടെ പരാജയമാണ് (system failure).

**പ്രശ്നമെന്താണ്?**

*1. പരീക്ഷകൾ ലളിതമായി; മൂല്യനിർണയം ഉദാരമായി:*

കേരളത്തിലെ ബോർഡ് പരീക്ഷാ രീതി കഴിഞ്ഞ വർഷങ്ങളിൽ വളരെ ഉദാരമായി മാറിയിട്ടുണ്ട്. വിജയ ശതമാനം ഉയരുന്നു.

ഫുൾ എ പ്ലസ് കൂടുന്നു. 90%ൽ കൂടുതൽ മാർക്ക് സാധാരണമായി മാറുന്നു. പക്ഷേ, പഠന നിലവാരം അതേ രീതിയിൽ ഉയരുന്നില്ല. ഇത് അപകടകരമാണ്. കാരണം മാർക്ക് ഒരു സൂചനയാണ്. ആ സൂചന തെറ്റായാൽ വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും നയരൂപകർത്താക്കൾക്കും യഥാർഥ അവസ്ഥ മനസ്സിലാകില്ല.

ഒരു കുട്ടിക്ക് 95% കിട്ടുന്നു. കുടുംബം കരുതുന്നു: കുട്ടി പഠനത്തിൽ വളരെ മിടുക്കനാണ്. പക്ഷേ CUET, NEET, JEE, NAS പോലുള്ള ബാഹ്യമായ അളവുകോലുകൾ വരുമ്പോൾ യാഥാർഥ്യം പുറത്തുവരുന്നു. ഇത് കുട്ടിയുടെ പരാജയമല്ല. വ്യവസ്ഥിതി കുട്ടിയോട് സത്യം പറഞ്ഞില്ല എന്നതാണ് പ്രശ്നം.

*2. സ്കൂൾ വ്യവസ്ഥിതി മാർക്കിനായി പഠിപ്പിക്കുന്നു, ധാരണയ്ക്കായല്ല:*

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിൽ പലയിടങ്ങളിലും പരീക്ഷാ രീതി, പ്രതീക്ഷിക്കുന്ന ഉത്തരങ്ങൾ, ആവർത്തിക്കുന്ന ചോദ്യങ്ങൾ, ഉദാരമായ ആന്തരിക മൂല്യനിർണയം (internal assessment)എന്നിവയിലാണ് ശ്രദ്ധ. ആശയപരമായ ധാരണ, പ്രശ്നപരിഹാരശേഷി, സംഖ്യാബോധം, ശാസ്ത്രീയചിന്ത എന്നിവയ്ക്ക് പലപ്പോഴും രണ്ടാമത്തെ സ്ഥാനമാണ്. അതിന്റെ ഫലമായി ഒരു വിദ്യാർഥിക്ക് പാഠപുസ്തകത്തിലെ ചോദ്യം ചെയ്യാൻ കഴിയും. പക്ഷേ, അതേ ആശയം അപരിചിത മായ ഒരു സാഹചര്യത്തിൽ പ്രയോഗിക്കാൻ കഴിയില്ല. മത്സരപ്പരീക്ഷകൾ പരിശോധിക്കുന്നത് ഇതാണ്. അതുകൊണ്ട് കോച്ചിങ് ഇല്ലാത്തത് മാത്രമല്ല പ്രശ്നം. സ്കൂൾ പഠനത്തിന്റെ ആഴം കുറയുന്നതാണ് പ്രശ്നം.

*3. പ്രൈമറി ഗണിത അടിത്തറ ഇടിഞ്ഞിരിക്കുന്നു:*

ഞങ്ങൾ XandY Learningൽ ആറ് മുതൽ പത്ത് വരെ ക്ലാസുകളിലെ വിദ്യാർഥികളുമായി ദിവസവും പ്രവർത്തിക്കുന്നു. യഥാർഥ അവസ്ഥ വ്യക്തമാണ്. ആറാം ക്ലാസിലേക്ക് വരുന്ന പല കുട്ടികൾക്കും ഗണിത അടിത്തറ ശക്തമല്ല.

- വഴികൾ അറിയാം.
- ബോഡ്മാസ് (BODMAS) കേട്ടിട്ടുണ്ട്.
- വലിയ ഹരണത്തിന്റെ ഘട്ടങ്ങൾ പഠിച്ചിട്ടുണ്ട്.
- പക്ഷേ, സംഖ്യാബോധമില്ല.
- മനക്കണക്ക് ബുദ്ധിമുട്ടാണ്.
- കണക്കാക്കാൻ (estimate ചെയ്യാൻ) അറിയില്ല.
- അപരിചിതമായ ചോദ്യം കണ്ടാൽ വഴിമുട്ടിപ്പോകും.

ഇത് കോച്ചിങ്ങിന്റെ പ്രശ്നമല്ല. ഇത് പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പ്രശ്നമാണ്.

79% അഞ്ചാം ക്ലാസ് വിദ്യാർഥികൾക്ക് ഹരണം ചെയ്യാൻ കഴിയാത്ത ഒരു സംസ്ഥാനത്ത് NEET/JEEഫൗണ്ടേഷൻ കോഴ്സ് മാത്രം കൊണ്ടുവന്ന് മാറ്റം ഉണ്ടാക്കാമെന്ന് കരുതുന്നത് യാഥാർഥ്യബോധമില്ലാത്തതാണ്.

UDF പ്രകടനപത്രികയുടെ ലക്ഷ്യം നല്ലതാണ്. കോച്ചിങ് ജനകീയമാക്കണം. സ്വകാര്യ കോച്ചിങ് താങ്ങാൻ കഴിയാത്ത കുട്ടികൾക്കും അവസരം ലഭിക്കണം. സർക്കാർ സ്കൂൾ വിദ്യാർഥികൾക്കും മത്സരപ്പരീക്ഷാ പരിചയം വേണം. ഇതിൽ ഞാൻ പൂർണമായും യോജിക്കുന്നു. പക്ഷേ, പ്രശ്നം തിരിച്ചറിയുന്നത് ശരിയാകണം. വിദ്യാർഥികൾ NEET/JEEൽ പിന്നിലാകുന്നത് കോച്ചിങ് ഇല്ലാത്തതുകൊണ്ടല്ല. അവർക്ക് സ്കൂൾ വ്യവസ്ഥിതി തന്നെ വേണ്ടത്ര ആശയപരമായ ആഴം കൊടുക്കാത്തതുകൊണ്ടാണ്.

(തുടരും)

# സൂറ: അശ്ശുഅറാഅ്

## കവികള്‍

(മക്കയില്‍ അവതരിച്ചത്)

അധ്യായം 26

അബ്ദുര്‍റഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവര്‍ത്തനം: ഹാരിസ് ബിന്‍ സലീം
:95444 92089

فَأَوْحَيْنَا إِلَىٰ مُوسَىٰ أَنِ اضْرِب بِّعَصَاكَ الْبَحْرَ ۖ فَانفَلَقَ فَكَانَ كُلُّ فِرْقٍ كَالطَّوْدِ الْعَظِيمِ ﴿٦٣﴾

63. അപ്പോള്‍ നാം മൂസായ്ക്ക് ബോധനം നല്‍കി; നീ നിന്റെ വടി കൊണ്ട് കടലില്‍ അടിക്കൂ എന്ന്. അങ്ങനെ അത് (കടല്‍) പിളരുകയും എന്നിട്ട് (വെള്ളത്തിന്റെ) ഓരോ പൊളിയും വലിയ പര്‍വതം പോലെ ആയിത്തീരുകയും ചെയ്തു.

وَأَزْلَفْنَا ثَمَّ الْآخَرِينَ ﴿٦٤﴾

64. മറ്റവരെ(ഫിര്‍ഔനിന്റെ പക്ഷം)യും നാം അതിന്റെ അടുത്തെത്തിക്കുകയുണ്ടായി.

وَأَنجَيْنَا مُوسَىٰ وَمَن مَّعَهُ أَجْمَعِينَ ﴿٦٥﴾

65. മൂസായെയും അദ്ദേഹത്തോടൊപ്പമുള്ളവരെയും മുഴുവന്‍ നാം രക്ഷപ്പെടുത്തി.

ثُمَّ أَغْرَقْنَا الْآخَرِينَ ﴿٦٦﴾

66. പിന്നെ മറ്റവരെ നാം മുക്കിനശിപ്പിച്ചു.

إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿٦٧﴾

67. തീര്‍ച്ചയായും അതില്‍ (സത്യനിഷേധികള്‍ക്ക്) ഒരു ദൃഷ്ടാന്തമുണ്ട്. എന്നാല്‍ അവരില്‍ അധിക പേരും വിശ്വസിക്കുന്നവരായില്ല.

وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ﴿٦٨﴾

68. തീര്‍ച്ചയായും നിന്റെ രക്ഷിതാവുതന്നെയാണ് പ്രതാപിയും കരുണാനിധിയും.

*63-68). (അപ്പോള്‍ മൂസാക്ക് ബോധനം നല്‍കി: 'നീ നിന്റെ വടികൊണ്ട് കടലില്‍ അടിക്കൂ') അങ്ങനെ അദ്ദേഹം തന്റെ വടികൊണ്ട് കടലില്‍ അടിച്ചു. (അത് പിളരുകയും ചെയ്തു) പന്ത്രണ്ട് വഴികളായി. (ഓരോ പൊളിയും പര്‍വതം പോലെ ആയിത്തീരുകയും ചെയ്തു). (വലിയ) മലപോലെ. അങ്ങനെ മൂസാ നബിയും ജനതയും അതില്‍ പ്രവേശിച്ചു. (നാം അതിന്റെ അടുത്തെത്തിക്കുകയുണ്ടായി) ആ സ്ഥലത്തുതന്നെ. (മറ്റവരെ-ഫിര്‍ഔന്‍ പക്ഷത്തെ). മൂസായും അദ്ദേഹത്തിന്റെ ആളുകളും കടന്നുപോയ അതേ വഴിയില്‍ പ്രവേശിക്കുകയും ചെയ്തു. (മൂസായെയും അദ്ദേഹത്തോടൊപ്പമുള്ളവരെയും മുഴുവന്‍ നാം രക്ഷപ്പെടുത്തി) അവരെല്ലാവരും പുറത്തെത്തി. (പിന്നെ മറ്റവരെ നാം മുക്കി നശിപ്പിച്ചു) അവരില്‍ ഒരാളും രക്ഷപ്പെട്ടില്ല. (തീര്‍ച്ചയായും അതില്‍ ഒരു ദൃഷ്ടാന്തമുണ്ട്) അതായത് മൂസാ(അ) കൊണ്ടുവന്ന സന്ദേശം സത്യമാണെന്നതിനും ഫിര്‍ഔനും അവന്റെ ആളുകളും പിന്തുടരുന്ന വഴി തെറ്റാണെന്നതിനുമുള്ള ദൃഷ്ടാന്തം. (എന്നാല്‍ അവരില്‍ അധികപേരും വിശ്വസിക്കുന്നവരായില്ല) വിശ്വസിക്കാവുന്ന ദൃഷ്ടാന്തങ്ങള്‍ കണ്ടിട്ടും അവരുടെ ഹൃദയങ്ങളിലെ കുഴപ്പം കാരണം അവരില്‍ ഭൂരിഭാഗവും വിശ്വാസികളായില്ല. (തീര്‍ച്ചയായും നിന്റെ രക്ഷിതാവ് തന്നെയാണ് പ്രതാപിയും കരുണാനിധിയും) തന്റെ ദൂതനെ തള്ളിപ്പറഞ്ഞ സത്യനിഷേധികളെ തന്റെ ശക്തിയാല്‍ നശിപ്പിക്കുകയും തന്റെ കാരുണ്യത്താല്‍ മൂസാ നബിയെയും കൂടെയുണ്ടായിരുന്നവരെയും രക്ഷിക്കുകയും ചെയ്തു.*

وَاتْلُ عَلَيْهِمْ نَبَأَ إِبْرَاهِيمَ ﴿٦٩﴾

69. ഇബ്റാഹീമിന്റെ വൃത്താന്തവും അവര്‍ക്ക് നീ വായിച്ചു കേള്‍പിക്കുക.

إِذْ قَالَ لِأَبِيهِ وَقَوْمِهِ مَا تَعْبُدُونَ ﴿٧٠﴾

70. അതായത് നിങ്ങൾ എന്തൊന്നിനെയാണ് ആരാധിച്ചുകൊണ്ടിരിക്കുന്നത് എന്ന് തന്റെ പിതാവിനോടും തന്റെ ജനങ്ങളോടും അദ്ദേഹം ചോദിച്ച സന്ദർഭം.

قَالُوا نَعْبُدُ أَصْنَامًا فَنَظَلُّ لَهَا عَاكِفِينَ ﴿٧١﴾

71. അവർ പറഞ്ഞു: 'ഞങ്ങൾ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും അവയുടെ മുമ്പിൽ ഭജനമിരിക്കുകയും ചെയ്യുന്നു.'

*69-71). 'ഹേ മുഹമ്മദ്, ഇബ്റാഹീമിന്റെ കഥ ജനങ്ങൾക്ക് പറഞ്ഞുകൊടുക്കുക.' ഇവിടെ ഉദ്ദേശിക്കുന്നത് അദ്ദേഹത്തിന്റെ ജീവിതത്തിൽ സംഭവിച്ച ഒരു പ്രത്യേക സന്ദർഭത്തെ മാത്രമാണ്. കാരണം അദ്ദേഹത്തിന്റെ ജീവിതത്തിൽ ധാരാളം സംഭവങ്ങളുണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും സുപ്രധാനമായ ഒന്നാണിത്. ഇതിൽ വരുന്നത് അദ്ദേഹത്തിന്റെ സന്ദേശവും പ്രബോധനവും തന്റെ ജനതയോട് അദ്ദേഹം നടത്തിയ തർക്കവും അവർ പിന്തുടരുന്നതിന്റെ നിരർഥകതയുമെല്ലാമാണ്. അതുകൊണ്ട് ആ സന്ദർഭം ഇവിടെ എടുത്തുപറയുന്നു: (അതായത് നിങ്ങൾ എന്തൊന്നിനെയാണ് ആരാധിച്ചുകൊണ്ടിരിക്കുന്നത് എന്ന് തന്റെ പിതാവിനോടും തന്റെ ജനങ്ങളോടും അദ്ദേഹം ചോദിച്ച സന്ദർഭം. അവർ പറഞ്ഞു) തങ്ങളുടെ ആരാധനയെ കുറിച്ച് വീമ്പിളക്കിക്കൊണ്ട്. (ചില വിഗ്രഹങ്ങളെ) ഞങ്ങൾ സ്വന്തം കൈകൊണ്ട് നിർമിക്കുകയും കൊത്തിയുണ്ടാക്കുകയും ചെയ്യുന്ന വിഗ്രഹങ്ങളെ ഞങ്ങൾ ആരാധിക്കുന്നു. (അവയുടെ മുമ്പിൽ ഭജനമിരിക്കുകയും ചെയ്യുന്നു) അതായത് അവയെ ആരാധിക്കാൻ ഞങ്ങൾ കൂടുതൽ സമയം ചെലവഴിക്കുന്നു.*

---

قَالَ هَلْ يَسْمَعُونَكُمْ إِذْ تَدْعُونَ ﴿٧٢﴾

72. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ പ്രാർഥിക്കുമ്പോൾ അവരത് കേൾക്കുമോ?'

أَوْ يَنفَعُونَكُمْ أَوْ يَضُرُّونَ ﴿٧٣﴾

73. 'അഥവാ, അവർ നിങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യുമോ?'

قَالُوا بَلْ وَجَدْنَا آبَاءَنَا كَذَٰلِكَ يَفْعَلُونَ ﴿٧٤﴾

74. അവർ പറഞ്ഞു: 'അല്ല, ഞങ്ങളുടെ പിതാക്കൾ അപ്രകാരം ചെയ്യുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു (എന്ന് മാത്രം).

*72-74). എന്തുകൊണ്ട് വിഗ്രഹങ്ങൾ ആരാധന അർഹിക്കുന്നില്ല എന്നത് വിശദീകരിച്ചുകൊണ്ട് ഇബ്റാഹിം(അ) അവരോട് പറഞ്ഞു: (നിങ്ങൾ പ്രാർഥിക്കുമ്പോൾ അവരത് കേൾക്കുമോ?) നിങ്ങൾ അവരെ വിളിക്കുമ്പോൾ നിങ്ങളുടെ വിളി അവർ കേൾക്കുകയും പ്രതികരിക്കുകയും നിങ്ങളെ ദുരിതങ്ങളിൽ നിന്ന് മോചിപ്പിക്കുകയും നിങ്ങൾക്ക് ദോഷകരമായത് നീക്കിത്തരികയും ചെയ്യുമോ? (അഥവാ അവർ നിങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യുമോ?) അതൊന്നും ഇല്ലെന്ന് അവർ സമ്മതിച്ചു. കാരണം അവർക്കൊന്നും കേൾക്കാൻ കഴിയില്ല. ഉപകാരമോ ഉപദ്രവമോ ചെയ്യാനും കഴിയില്ല. അതുകൊണ്ടാണ് ഇബ്റാഹിം(അ) വിഗ്രഹങ്ങളെ തകർത്തപ്പോൾ ഇങ്ങനെ പറഞ്ഞത്:*

قَالَ بَلْ فَعَلَهُ كَبِيرُهُمْ هَٰذَا فَاسْأَلُوهُمْ إِن كَانُوا يَنطِقُونَ ﴿٦٣﴾

*"അദ്ദേഹം പറഞ്ഞു: എന്നാൽ അവരുടെ കൂട്ടത്തിൽ ഈ വലിയവനാണ് അത് ചെയ്തത്. അവർ സംസാരിക്കുമെങ്കിൽ നിങ്ങൾ അവരോട് ചോദിച്ചുനോക്കൂ" (21:63)*

*അവർ അദ്ദേഹത്തോട് പറഞ്ഞു:*

عَلِمْتَ مَا هَٰؤُلَاءِ يَنطِقُونَ ﴿٦٥﴾

*"ഇവർ സംസാരിക്കില്ലെന്ന് നിനക്കറിയാമല്ലോ" (21:65)*

*ഇത് അംഗീകരിക്കപ്പെട്ട ഒരു വസ്തുതയാണ്. ആശയക്കുഴപ്പത്തിനും സംശയത്തിനും ഇടമില്ല. അങ്ങനെ അവർ അവരുടെ വഴിപിഴച്ച പിതാക്കന്മാരെ പിന്തുടർന്ന് പറഞ്ഞു: (അല്ല ഞങ്ങളുടെ പിതാക്കൾ അപ്രകാരം ചെയ്യുന്നതായി ഞങ്ങൾ കണ്ടിരുന്നു) അതിൽ ഞങ്ങൾ അവരെ അനുഗമിച്ചു. അവരുടെ പാത പിന്തുടരുകയും അവരുടെ ആചാരങ്ങൾ പാലിക്കുകയും ചെയ്തു.*






# മയ്യിത്തിനു വേണ്ടിയുള്ള കൂലി ഓത്തിനും പ്രമാണമോ?

“ഐഹികജീവിതത്തെയും അതിന്റെ അലങ്കാരത്തെയുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ അവിടെ (ഇഹലോകത്ത്) വെച്ച് അവർക്ക് നാം നിറവേറ്റിക്കൊടുക്കുന്നതാണ്. അവർക്കവിടെ യാതൊരു കുറവും വരുത്തപ്പെടുകയില്ല. പരലോകത്ത് നരകമല്ലാതെ മറ്റൊന്നും കിട്ടാനില്ലാത്തവരാകുന്നു അക്കൂട്ടർ. അവർ ഇവിടെ പ്രവർത്തിച്ചതെല്ലാം പൊളിഞ്ഞുപോയിരിക്കുന്നു. അവർ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം ഫലശൂന്യമത്രെ”

മൂസ സ്വലാഹി കാര
: 97473 45768

സമുദായത്തിലെ ഭൂരിപക്ഷത്തിന്റെ മതപരമായ അറിവില്ലായ്മ മുതലെടുത്ത് അത്യധികം അനാചാരങ്ങളിൽ ജീവിതകാലം മുഴുക്കെ അവരെ അകപ്പെടുത്തുന്നവരാണ് മുസ്‌ലിയാക്കന്മാർ എന്നു പറഞ്ഞാൽ അത് കേവലം ആരോപണമല്ല; തികച്ചും വസ്തുതയാണ്. ഒരാൾ മരണപ്പെട്ടാൽ അയാളുടെ പേരിൽ സാമ്പത്തിക നേട്ടമുണ്ടാക്കാൻ ശ്രമിക്കുന്നതിനെ എന്താണ് വിശേഷിപ്പിക്കേണ്ടത്?



മയ്യിത്തിന് കൂലി കിട്ടുമെന്ന് പറഞ്ഞ് നടത്തപ്പെടുന്ന ക്വുർആനോത്ത് വലിയ പുണ്യകർമമാക്കാനുള്ള തെളിവുകൾ പുരോഹിതന്മാർ പുതുക്കിക്കൊണ്ടേയിരിക്കുകയാണ്. 2026 മാർച്ച് 1-15 ലക്കം സുന്നിവോയ്സിൽ 'മരിച്ചവർക്ക് വേണ്ടി ഖുർആൻ പാരായണം; പ്രമാണം പറയുന്നതെന്ത്?' എന്ന ലേഖനത്തിലൂടെ പുത്തനാചാരത്തിന് പുതുമണം നൽകാൻ ശ്രമിക്കുന്നതായി കാണാം.

അടിസ്ഥാന പ്രമാണങ്ങളെ മറയാക്കിയും കളവുകൾ കലർത്തിയുമാണ് മുസ്‌ലിയാരുടെ സമർഥന ശ്രമം: "മരണപ്പെട്ടവർക്ക് ഗുണം കിട്ടാൻ വേണ്ടി ഖുർആൻ പാരായണം ചെയ്യുന്നത് പുണ്യകരമാണ്. മുസ്‌ലിം ലോകത്ത് നിരാക്ഷേപം നടന്നുവന്ന സുകൃതവുമാണത്. മതഗ്രന്ഥങ്ങളിൽ ഇതിന് ഉപോൽബലകമായി നിരവധി ഉദ്ധരണങ്ങൾ കാണാൻ കഴിയും" (പേജ് 9).

ഇമാമുമാരായ അഹ്മദ്(റഹി), അബൂദാവൂദ്(റഹി) എന്നിവരിൽ നിന്ന് വന്നതും, ഇമാം നവവി(റഹി) തന്റെ 'അൽഅദ്കാറി'ലും ഇമാം ഇബ്നു ഹജറുൽ അസ്ക്വലാനി(റഹി) അദ്ദേഹത്തിന്റെ 'അത്തൽഖീസി'ലും പരമ്പരയിൽ അറിയപ്പെടാത്ത രണ്ടാളുകൾ ഉള്ളതിനാൽ ദുർബലമാണെന്ന് വ്യക്തമാക്കിത്തരുകയും ചെയ്ത 'മരിച്ചവർക്ക് മേൽ നിങ്ങൾ യാസീൻ ഓതുക' എന്ന വാക്കാണ് മുസ്‌ലിയാരുടെ ആദ്യ തെളിവ്.

ഇബ്നു ഉമറി(റ)ൽനിന്ന് ഇമാം ബൈഹക്വി(റഹി) റിപ്പോർട്ട് ചെയ്തതായുള്ള, 'മയ്യിത്ത് മറവ് ചെയ്തതിന് ശേഷം സൂറതുൽ ബക്വറ ക്വബ്റിനരികിൽ ഓതണമെന്ന്' ഒരു ദുർബല ഹദീസുണ്ട്. ഇമാം ദഹബി(റഹി)യും ഇമാം അബൂഹാതിമും(റഹി) ഇതിന്റെ പരമ്പരയിലെ യഹ്‌യബ്ൻ അബ്ദില്ല അൽ ബാബൽത്തി എന്ന വ്യക്തി ദുർബലനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതാണ് ഇവർക്കുള്ള മറ്റൊരു തെളിവ്.

ഒട്ടും സ്വീകാര്യമല്ലാത്ത റിപ്പോർട്ടുകൾകൊണ്ട് ഒരു കാര്യത്തെ പുണ്യകർമമാക്കുന്നതും അതിന് ഇജ്മാഉണ്ടെന്ന് ജൽപിക്കുന്നതും ഇസ്‌ലാമിന്റെ മാർഗമല്ല. ലോകമെമ്പാടും പലരും അനാചാരത്തിനായി ഒരുമിച്ച് കൂടുന്നുണ്ടെന്നാണ് ലേഖകൻ ഉദ്ദേശിച്ചതെങ്കിൽ അത് ശരിയുമാണ്!

ഇമാം മുസ്‌ലിം(റഹി) ഉദ്ധരിച്ച 'മയ്യിത്തിനരികിൽ നിങ്ങൾ നല്ലത് പറയുക' എന്ന ഹദീസും 'സംസാരത്തിൽ ഏറ്റവും നല്ലത് ക്വുർആനാകുന്നു' എന്ന മറ്റൊരു ഹദീസും ഒന്നാക്കി മാറ്റി തങ്ങളുടെ അനാചാരത്തിന് തെളിവുണ്ടാക്കുന്ന കളിയും മുസ്‌ലിയാക്കന്മാർ കളിക്കുന്നുണ്ട്.

ഇവരുടെ വാദം ശരിയാണെങ്കിൽ ഇത് പഠിപ്പിച്ച നബി(സ്വ) ഒരു തവണയെങ്കിലും മരിച്ചവർക്ക് വേണ്ടി ക്വുർആൻ ഓതിയതിനോ ഈ ഹദീസുകൾ കേട്ട സ്വഹാബത്ത് ചെയ്തതിനോ ചരിത്രത്തിൽ നിന്ന് യാതൊരു തെളിവും കാണിക്കാൻ മുസ്‌ലിയാക്കന്മാർക്ക് സാധിക്കാത്തതെന്തേ? അവരെല്ലാം ആ പുണ്യം ചെയ്യാതെ വിട്ടുകളഞ്ഞു എന്നാണോ ഇക്കൂട്ടരുടെ വിശ്വാസം?

'മയ്യിത്തിനരികിൽ നിങ്ങൾ നല്ലത് (ഖൈർ) പറയുക' എന്ന ഹദീസിലെ 'ഖൈർ' എന്നതിനെ സംബന്ധിച്ച് ഇമാം നവവി (റഹി) പറഞ്ഞത് അത് പ്രാർഥന, പാപമോചനം പോലുള്ള കാര്യങ്ങളാണ് എന്നാണ്. എന്തുകൊണ്ട് അദ്ദേഹം ക്വുർആൻ ഓതാനും ഇതിൽ തെളിവുണ്ടെന്ന് കണ്ടെത്തിയില്ല?

**നബി(സ്വ) ചെയ്തിട്ടില്ലാത്തതും സ്വഹാബത്തിന് പരിചിതമല്ലാത്തതുമായ കാര്യം ആരുതന്നെ വസ്വിയ്യത്താക്കിയാലും അതൊരിക്കലും പ്രമാണ പരിധിയിൽ പെടുകയില്ല. അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ ഏതെങ്കിലും ആയത്തോ ഹദീസോ തെളിവാക്കി ഇതിൽ ഏകോപിച്ചതായി കാണുന്നുമില്ല. പ്രാർഥന, ധർമം എന്നിവയുടെ കൂലി മയ്യിത്തിന് കിട്ടുമെന്ന് പഠിപ്പിക്കുന്ന ഹദീസുകളെ കൂട്ടുപിടിച്ച് ഇത്തരം പ്രവൃത്തികൾക്ക് ന്യായം കാണുന്നത് നിരർഥകമാണെന്ന് ഇമാം ബഗവി(റഹി) അദ്ദേഹത്തിൽ 'അത്തഹ്ദീബി'ൽ പറയുന്നത് കാണാം.**

നന്മകൾക്ക് മുന്നിൽ നടക്കുകയും തിളക്കമാർന്ന വിജയം വരിക്കുകയും ചെയ്ത സ്വഹാബത്തിനെ തങ്ങളുടെ അനാചാരത്തിന് കരുവാക്കാൻ ശ്രമിക്കുന്നത് കാണുക: “അൻസ്വാറുകളിൽ ആരെങ്കിലും മരണപ്പെട്ടാൽ അവരുടെ ഖബ്റിങ്കലേക്ക് ഊഴം വെച്ചു പോയി ഖബ്റിങ്കൽ ഖുർആൻ പാരായണം ചെയ്യൽ അൻസ്വാറുകളായ സ്വഹാബിമാരുടെ രീതിയായിരുന്നു” (പേജ് 10).

അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാർ ദുർബലനാണെന്ന് വിധിയെഴുതിയ മജാലീദ്ബ്നു സഈദ് എന്ന വ്യക്തി ഇതിന്റെ പരമ്പരയിലുണ്ട്. ഇബ്നു ഹജർ അസ്ഖലാനി(റഹി) അയാൾ ദുർബലനാകാനുള്ള കാരണം ഫത്ഹുൽ ബാരിയിൽ പറഞ്ഞിട്ടുമുണ്ട്.

സമസ്ത കൊണ്ടുനടക്കുന്ന ഈ അനാചാരത്തെ മുൻഗാമികളായ പണ്ഡിതന്മാർ മുഴുവനും അംഗീകരിച്ചിരുന്നു എന്ന് സ്ഥാപിക്കാൻ മുസ്‌ലിയാർ ശ്രമിക്കുന്നത് കാണുക: “സലഫുകളിൽ വലിയൊരു സംഘം അവർ മരണപ്പെട്ടു ഖബ്റടക്കുമ്പോൾ ഖബ്റിനരികിൽ വെച്ച് ഖുർആൻ പാരായണം നടത്താൻ വസ്വിയ്യത്ത് ചെയ്തിരുന്നു” (പേജ് 11).

നബി(സ്വ) ചെയ്തിട്ടില്ലാത്തതും സ്വഹാബത്തിന് പരിചിതമല്ലാത്തതുമായ കാര്യം ആരു തന്നെ വസ്വിയ്യത്താക്കിയാലും അതൊരിക്കലും പ്രമാണ പരിധിയിൽ പെടുകയില്ല. അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാർ ഏതെങ്കിലും ആയത്തോ ഹദീസോ തെളിവാക്കി ഇതിൽ ഏകോപിച്ചതായി കാണുന്നുമില്ല. പ്രാർഥന, ധർമം എന്നിവയുടെ കൂലി മയ്യി

**മതത്തിൽ പുതുതായി ഉണ്ടാക്കപ്പെട്ടതിനോട് എപ്പോഴും ഒരു വിശ്വാസിയുടെ സമീപനം ‘അത് തള്ളേണ്ടതാണ്’ എന്നതുതന്നെയാണ്. ശാഫിഈ മദ്ഹബിന്റെ ഈ വിഷയത്തിലെ നിലപാട് പരിശോധിക്കുന്ന ആർക്കും പ്രബല അഭിപ്രായമായി കാണാൻ കഴിയുക; മരിച്ചവർക്ക് കൂലി കിട്ടാൻ വേണ്ടി നടത്തുന്ന ഖുർആൻ ഓത്ത് നബിചര്യയിൽ പെട്ടതല്ല എന്നാണ്.**

ത്തിന് കിട്ടുമെന്ന് പഠിപ്പിക്കുന്ന ഹദീസുകളെ കൂട്ടുപിടിച്ച് ഇത്തരം പ്രവൃത്തികൾക്ക് ന്യായം കാണുന്നത് നിരർഥകമാണെന്ന് ഇമാം ബഗവി(റഹി) അദ്ദേഹത്തിൻെറ ‘അത്തഹ്ദീബി’ൽ പറയുന്നത് കാണാം.


മതത്തിൽ പുതുതായി ഉണ്ടാക്കപ്പെട്ടതിനോട് എപ്പോഴും ഒരു വിശ്വാസിയുടെ സമീപനം ‘അത് തള്ളേണ്ടതാണ്’ എന്നതുതന്നെയാണ്.

ശാഫിഈ മദ്ഹബിന്റെ ഈ വിഷയത്തിലെ നിലപാട് പരിശോധിക്കുന്ന ആർക്കും പ്രബല അഭിപ്രായമായി കാണാൻ കഴിയുക; മരിച്ചവർക്ക് കൂലി കിട്ടാൻ വേണ്ടി നടത്തുന്ന ഖുർആൻ ഓത്ത് നബിചര്യയിൽ പെട്ടതല്ല എന്നാണ്.

മുസ്‌ലിയാർ എഴുതിയത് കാണുക: “ഇങ്ങനെ ധാരാളം തെളിവുകളാൽ സ്ഥിരപ്പെട്ടതും സ്വഹാബികളടക്കമുള്ള സജ്ജനങ്ങൾ അനുഷ്ഠിച്ചതുമാണ് ഖബ്റിങ്കൽ മേൽപ്പുര കെട്ടി ഖുർആൻ പാരായണം ചെയ്യൽ. അതുകൊണ്ടുതന്നെയാണ് ശാഫിഈ ഇമാമും മറ്റും ഖബ്റിടത്തിൽ ഖുർആൻ പാരായണം ചെയ്യൽ സുന്നത്താണെന്ന് തറപ്പിച്ചു പറഞ്ഞത്” (പേജ് 11).

ഇമാം നവവി(റഹി)യുടെ പേരിലും ഇതുതന്നെ മുസ്‌ലിയാർ എഴുതിയിട്ടുണ്ട്. എന്നാൽ ശറഹു മുസ്‌ലിമിൽ ഇമാം പറഞ്ഞത് കാണുക: “എന്നാൽ ഖുർആൻ പാരായണം; ശാഫിഈ മദ്ഹബിലെ പ്രസിദ്ധ അഭിപ്രായം അതിന്റെ പ്രതിഫലം മയ്യിത്തിലേക്ക് എത്തുകയില്ലെന്നതാണ്.”

ഇബ്നു കസീർ(റഹി) ശാഫിഈ മദ്ഹബിന്റെയും അനുയായികളുടെയും യഥാർഥ നിലപാട് വിശദീകരിച്ചത് മുസ്‌ലിയാക്കന്മാർ പലപ്പോഴും മറന്ന് പോവുകയാണ്. സൂറതുന്നജ്മിലെ ഒമ്പതാം വചനം വിവരിക്കവെ അദ്ദേഹം പറയുന്നു: “ഈ പരിശുദ്ധ വചനത്തിൽനിന്ന് ഇമാം ശാഫിഇയും അദ്ദേഹത്തെ പിൻപറ്റിയവരും



മയ്യിത്തിനു വേണ്ടി ഖുർആൻ ഓതി ഹദ്‌യ ചെയ്താൽ അതിന്റെ പ്രതിഫലം മരിച്ചവർക്ക് ലഭിക്കുകയില്ലെന്ന മതവിധി ഗവേഷണത്തിലൂടെ മനസ്സിലാക്കി. കാരണം അത് അവരുടെ പ്രവർത്തനമോ സമ്പാദ്യമോ അല്ല. നബി (സ്വ) ഈ കാര്യം സമൂഹത്തിന് ചര്യയാക്കുകയോ അത് ചെയ്യാൻ പ്രേരിപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യക്തമായോ സൂചനയായോ പ്രോത്സാഹിപ്പിച്ചിട്ടില്ല. ഇപ്രകാരം സ്വഹാബികളിൽ പെട്ട ആരിൽനിന്നും ഉദ്ധരിക്കപ്പെട്ടിട്ടുമില്ല. ഇതൊരു നന്മയായിരുന്നുവെങ്കിൽ നമുക്ക് മുമ്പ് അവർ അത് ചെയ്യുമായിരുന്നു."

ഇബ്നു തൈമിയ്യ(റഹി) എന്നു കേട്ടാൽ അറപ്പും വെറുപ്പും പ്രകടിപ്പിക്കുന്ന മുസ്‌ലിയാക്കന്മാർക്ക് ചില സന്ദർഭങ്ങളിൽ അദ്ദേഹവും പ്രമാണമാണ്. മുസ്‌ലിയാർ എഴുന്നു: "ഇബ്നു തൈമിയ്യക്ക് വേണ്ടിയും ഖുർആനോതി. ഹാഫിള് ഇബ്നു കസീർ എഴുതുന്നു: അബ്ദുൽ അബ്ബാസ് തഖ്‌യുദ്ദീൻ അഹ്‌മദുബ്നു തൈമിയ്യ മരണപ്പെട്ട സമയത്ത് അദ്ദേഹത്തിനുവേണ്ടി നിരവധി ഖതമുകൾ പൂർത്തീകരിക്കപ്പെട്ടു" (പേജ്12).


സഖാഫി കൊളത്തൂർ

ർക്ക് വേണ്ടി
ആൻ പാരായണം
നം പറയുന്നതെന്ത്?

ക്ക് ഗുണം
ണ്ടി ഖുർആൻ
ചെയ്യുന്നത്
. മുസ്‌ലിം ലോ
ഷപം നടന്നുവന്ന
ന്നത്. മതഗ്രന്ഥ
ന് ഉപോൽബല
ധി ഉദ്ധരണങ്ങൾ
ിയും.
ന്റെ അരികിൽ
ാരായണം നടത്തു
റിച്ച് പ്രതിപാദി
്യായത്തിൽ മത്
യസാറി(റ)ൽ

നിന്ന് ഇമാം അബൂദാവൂദ്(റ) ഉദ്ധരിക്കുന്നു: തിരുനബി(സ്വ) പറഞ്ഞു: നിങ്ങളിൽ നിന്നു മരണപ്പെട്ടവരുടെ മേൽ നിങ്ങൾ യാസീൻ പാരായണം ചെയ്യുക (സുനനു അബീദാവൂദ് 1/ 599, ഹദീസ് നമ്പർ 3121).

ഇമാം ബഗ്‌വി(റ) ശർഹുസ്സുന്ന 5/295 (ഹദീസ് നമ്പർ 1464)യിൽ ഉദ്ധരിച്ചിട്ടുണ്ട്. ഇമാം ബൈഹഖി(റ) അസ്സുനനുൽ കുബ്റാ 3/538 ലും ഇമാം റാഫിഈ(റ) ശർഹുൽ വജീസ് 3/529 ലും ഇമാം ഇബ്നു മാജ(റ) കിതാബുസ്സുനനിൽ 1448-ാം നമ്പർ ഹദീസായും ഇമാം അഹ്‌മദ് മുസ്‌നദ് 5/26 ലും ഇമാം ഇബ്നു ഹിബ്ബാൻ സ്വഹീഹ് 2/30 ലും ഇമാം ഹാകിം(റ) അൽമുസ്തദ്റക് 1/565 ലും ഇമാം ഇബ്നു ഹജർ(റ) തൽഖീസ് 2/212 ലും ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്.

ഇമാം ബുഖാരി(റ)യും ഇമാം മുസ്‌ലിമും(റ) ഉദ്ധരിച്ച ഒരു ഹദീസ് കാണുക: രണ്ട് ഖബ്റുകളുടെ അരികിലൂടെ നബി(സ്വ) നടന്നു പോയി. ജനങ്ങളുടെ ഇടയിൽ നിസ്സാരമായതും എന്നാൽ അല്ലാഹുവിന്റെയടുക്കൽ മഹാപാപവുമായ കാര്യങ്ങളുടെ പേരിൽ ഈ രണ്ട് ഖബറാളികളും ശിക്ഷിക്കപ്പെടുന്നുണ്ട്. ഒരാൾ മൂത്രിച്ചു ശുദ്ധിവരുത്തുന്നതിൽ സൂക്ഷ്മത പാലിക്കാത്തവനും അപരൻ ഏഷണിക്കാരനുമായിരുന്നു എന്ന് നബി(സ്വ) അറിയിച്ചു. അനന്തരം ഒരു ഈത്തപ്പന മട്ടലെടുത്ത് രണ്ട് ഭാഗമാക്കി ഒരു ഭാഗം ഒരു ഖബ്റിന്റെ മേലിലും മറ്റേത് അടുത്ത ഖബ്റിന് മുകളിലും കുത്തി. ഇവ ഉണങ്ങാതിരിക്കുന്ന കാലത്തോളം ഇവരുടെ ശിക്ഷക്ക് ഇളവ് ലഭിക്കുമെന്ന് അവിടുന്ന് പറയുകയും ചെയ്തു. ഉണങ്ങാത്ത ഈത്തപ്പന മട്ടൽ തസ്ബീഹ് ചൊല്ലുന്ന കാരണത്താൽ അത് മുകളിൽ വെച്ച

സുന്നിവോയ്സ് 2026 മാർച്ച് 01-15 9

'അൽബിദായ വന്നിഹായ' എന്ന ഗ്രന്ഥത്തിൽ ഇബ്നു കസീർ (റഹി) ഉദ്ധരിച്ച ഈ സംഭവത്തിന്റെ വസ്തുത മുസ്‌ലിയാർ മനസ്സിലാക്കാതെ പോയി, അല്ലെങ്കിൽ മറച്ചുവെക്കുന്നു.

ഇബ്നു തൈമിയ്യ(റഹി) ഒരിക്കലും അംഗീകരിച്ചിട്ടില്ലാത്തൊരു കാര്യം മരണശേഷം ഒരു കൂട്ടം സാധാരണക്കാർ ചെയ്തത് എങ്ങനെ തെളിവാകാനാണ്? അവിടെ സന്നിഹിതരായിരുന്ന അനവധി പണ്ഡിതന്മാർ എന്തുകൊണ്ട് ഖുർആൻ പാരായണം ചെയ്തില്ല? ഇത് ഉദ്ധരിച്ച ഇബ്നു കസീർ(റഹി) അത് അനുവദിക്കുകയോ പിന്നീട് ചെയ്ത് കാണിക്കുകയോ ഉണ്ടായിട്ടില്ല.

പരലോകരക്ഷ ലക്ഷ്യം വെച്ച് ചെയ്യേണ്ട പ്രവൃത്തിയായി ഇസ്‌ലാം ഇത് പഠിപ്പിച്ചിട്ടില്ലെന്ന് വ്യക്തം. ഒരു കാലത്തും പണ്ഡിതന്മാർ ഇതിനെ പിന്തുണച്ചിട്ടുമില്ല. മതാധ്യാപനത്തിൽ ഇല്ലാത്തത് വസ്വിയ്യത്താക്കാൻ അവരാരും മുതിരുകയുമില്ല. നിസ്സംശയം ബിദ്അത്താണെന്ന് പറയാവുന്ന ഈ കാര്യം നബി(സ്വ) താക്കീത് നൽകിയ 'എല്ലാ ബിദ്അത്തും വഴികേടാണ്, എല്ലാ വഴികേടും നരകത്തിലാണ്' എന്നതിൽ പെടുന്നതുമാണ്. ഭൗതികമോഹം മാത്രമായി ഒതുങ്ങുന്ന ഇത്തരം പ്രവർത്തനങ്ങൾ പരലോകത്ത് ഫലം കാണുകയുമില്ല.

അല്ലാഹു പറയുന്നു: "ഐഹികജീവിതത്തെയും അതിന്റെ അലങ്കാരത്തെയുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ അവിടെ (ഇഹലോകത്ത്) വെച്ച് അവർക്ക് നാം നിറവേറ്റിക്കൊടുക്കുന്നതാണ്. അവർക്കവിടെ യാതൊരു കുറവും വരുത്തപ്പെടുകയില്ല. പരലോകത്ത് നരകമല്ലാതെ മറ്റൊന്നും കിട്ടാനില്ലാത്തവരാകുന്നു അക്കൂട്ടർ. അവർ ഇവിടെ പ്രവർത്തിച്ചതെല്ലാം പൊളിഞ്ഞുപോയിരിക്കുന്നു. അവർ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം ഫലശൂന്യമത്രെ" (11:15,16). ■




# കനംതൂങ്ങുന്ന ഓർമകൾ

വി.ടി. അബ്ദുൽ സലാം
: 9747314572

അവർ രണ്ടുപേരും അയാൾക്ക് മുന്നിലെ സീറ്റിൽ തന്നെയുണ്ട്. സംസാരം ഇനിയും കഴിഞ്ഞിട്ടില്ല ഇന്നലെ രാത്രി എത്ര നേരമാ സംസാരിച്ചിരുന്നത്! അർധരാത്രി കഴിഞ്ഞ് അയാൾ ഒന്നുണർന്നു നോക്കുമ്പോഴും സംസാരം തന്നെയായിരുന്നു

“നീം ഒർങ്ങീട്ടില്ലേ? നാളെ നേരത്തെ എണീറ്റു പോകാനുള്ളതല്ലേ മക്കളേ? വേം ഒർങ്ങിക്കോ...”

‘ഞങ്ങള് ഒർങ്ങിക്കോളാപ്പച്ച്യേ’ന്നും പറഞ്ഞ് അവർ റൂമിലെ ലൈറ്റണച്ചു. ഇനിയെങ്കിലും അവരുറങ്ങിക്കോളും എന്ന് നിനച്ച് അയാൾ കിടന്നു.

അതിരാവിലെയുള്ള യാത്ര രസകരമായിത്തോന്നി. ബസ് അവിടെ എത്താൻ ഇനിയും മണിക്കൂർ ആവും എന്നാ തോന്നുന്നത്. അയാൾ സംശയിച്ചു

ഇലപ്പടർപ്പുകളിൽ പുലരി വിതറിയ മഞ്ഞവെയിൽ പടർന്നുകയറുന്നതും നോക്കി നിൽക്കവെ പുറത്ത്

കാഴ്ചകൾ കാലം പോലെ പാഞ്ഞുകൊണ്ടിരുന്നു.

മഞ്ചേരി കഴിഞ്ഞിട്ട് അധികമായിട്ടില്ലെന്നു തോന്നുന്നു. ഇടക്ക് റോഡു വശത്ത് 'ആളില്ലാക്കട' എന്ന ഒരു ബോർഡ് കണ്ടപ്പോഴാണ് പണ്ട് കേട്ട ആ കൗതുക വാർത്ത ഓർത്തത്. ഇത് അതുതന്നെയാണ്!

'കപ്പ കച്ചവടം'- ആളില്ലാ കടയിൽ കപ്പ കിട്ടും.

ആവശ്യക്കാർ വന്ന് വേണ്ടത് എടുത്ത് തൂക്കി പണം പെട്ടിയിലിട്ട് പോയാൽ മതി. കാലം മാറിയല്ലോ. ഇന്ന് പിന്നെ 'ചില്ലറ' വിനിമയത്തിന്റെ പ്രശ്നവുമുണ്ടാകില്ല. ഗൂഗിൾ പേ ചെയ്താൽ മതിയല്ലോ. വിശ്വാസമാണ് എല്ലാം.

പിന്നെ പരസ്പര വിശ്വാസം പകരുന്ന ആശ്വാസത്തെ പറ്റിയായിരുന്നു ചിന്തകൾ. ഭാര്യക്ക് ഭർത്താവിനെ, ഭർത്താവിന് ഭാര്യയെ, മാതാപിതാക്കൾക്ക് മക്കളെ, അങ്ങനെ ഏതു ബന്ധങ്ങളെയും താങ്ങി നിർത്തുന്ന പരസ്പര വിശാസം നഷ്ടപ്പെടുന്നതോടെ മനുഷ്യൻ തനിക്കു ചുറ്റുമുള്ള കുറെ 'ബാധ്യതയായി മാറിയ ബന്ധങ്ങളുടെ' ബന്ധനത്തിലായിത്തീരുന്നു. ചിലപ്പോൾ അങ്ങനെയാണ്, ചിന്തകൾ കാടു കയറും.

ഒരു വലിയ വളവു തിരിഞ്ഞ് കയറ്റം തീരുമ്പോൾ കിഴക്ക് സൂര്യൻ പ്രതാപിയായി ഉയരുന്നത് കണ്ടു. കുറ്റിപ്പാലം ബസ് സ്റ്റോപ്പിൽ വണ്ടി നിറുത്തിയപ്പോഴാണ് സമയം നോക്കിയത്. ഇനി അഞ്ച് കിലോമീറ്റർ  കൂടി വേണമെന്ന് തോന്നുന്നു തിരൂരെത്താൻ. എട്ടുമണിക്കു മുന്നേ പരീക്ഷ സെന്ററിൽ എത്തണം. സിയുടി എൻട്രൻസ് ടെസ്റ്റാണ്.

അവർ അപ്പോഴും സംസാരത്തിൽ തന്നെയാണ്. സമപ്രായക്കാരാണല്ലോ; മകളും പെങ്ങളുടെ മകളും ഒരേ പ്രായക്കാർ. കൗമാരത്തിലെത്തിയ സമപ്രായക്കാരുടെ ചിന്തകളും ശീലങ്ങളുമൊക്കെ അപ്പോഴാണ് ഓർത്തത്.

ബസ്സ് തിരൂർ സ്റ്റാന്റിലെത്തി. ഇനി മറ്റൊരു ബസ്സിൽ കൂടി കയറി വേണം പരീക്ഷ നടക്കുന്ന സെന്ററിലെത്താൻ.

....... ....... ....... ....... ....... .......

തിരികെ മടങ്ങവെ അയാൾ ഒറ്റക്കായിരുന്നു. പരീക്ഷ കഴിഞ്ഞ് അവർ പിറകെ വന്നോളും; അതിനായി ശട്ടംകെട്ടിയ ശേഷമാണ് യാത്രതിരിച്ചത്. കാത്തു നിൽക്കാൻ സമയമില്ല; സ്കൂളിൽ നേരത്തെ എത്തണം. പിറ്റേന്ന് റീ ഓപണിംഗ് ഡേ ആണല്ലോ.

ഓർമകൾക്ക് കനം കൂടുന്നതായി തോന്നി കുഞ്ഞുന്നാളിലെ മഴക്കാലം... അതു മുഴുവനും കണ്ടും കൊണ്ടും കടന്നുപോയ സ്കൂൾ കാലം... ബുക്കും ബാഗും കുടയും പെന്നും പെൻസിലും മായാതെ നിൽക്കുന്നു. ഓർമകളോടുള്ള ഈ അടുപ്പമായിരിക്കാം പലപ്പോഴും തനിക്ക് പ്രായമായെന്ന കാര്യം വിശ്വസിക്കാനാവാതെ പോകുന്നത്. പക്ഷേ, ആ വിശ്വാസത്തിന് അധികനേരമുണ്ടാവാറില്ല!

'പ്പച്ച്യേ...നോക്കിം...പിന്നെയ്...' എന്നും പറഞ്ഞ് പല കാര്യങ്ങൾ പലപ്പോഴായി വന്ന് പറയാൻ വെമ്പി നിൽക്കുന്ന അവളുടെ സാന്നിധ്യം പകരുന്ന സന്തോഷത്തിന്റെ പിറകെ ഒരാന്തലാണ്!

പടച്ചവനേ! ഇവൾ എത്ര വേഗമാണ് വളർന്നു വലുതായത്...! തന്റെ ഈ ഓട്ടത്തിനിടയിൽ  ഞാൻ തളർന്നുപോകാതിരുന്നാൽ മതിയായിരുന്നു.

പലപ്പോഴും ബസ്സിലെ സൈഡ് സീറ്റിൽ ചാരിയിരിക്കുമ്പോൾ വേഗം ഉറക്കം വരാറുണ്ട്. കുറച്ചു മുന്നേ മഴ പെയ്ത് തോർന്ന വഴിയോരങ്ങളിലാകെ ഈറൻ തോർത്തി വെയിൽ കിടക്കുന്നതു കാണാം.

ഫോൺ ബെല്ലടിച്ചപ്പോഴാണ് വീണ്ടും ചിന്ത വിട്ടത്. ഇനിയും ഈ യാത്ര എത്ര വളവും തിരിവും കഴിഞ്ഞെത്തണം. കിനാവുകളെത്ര കൊളുത്തണം. ആയുസ്സിന്റെ കരം പിടിച്ച് അനിശ്ചിതങ്ങളിലൂടെ ജീവിതമെന്ന ഈ യാത്ര രസമാണ്; ഒന്നും വിരസമാവാതിരിക്കുവോളം.

"ഏയ്...നിങ്ങളുടെ സ്റ്റോപ്പെത്തി, വേഗം ഇറങ്ങ്."

പിന്നെ എല്ലാം പെട്ടെന്നായിരുന്നു...

■

# ആഭാസങ്ങളുടെ അരങ്ങാകുന്ന വിവാഹവേദി

നസീമ വാടാനപ്പള്ളി

മനുഷ്യന്റെ വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ കെട്ടുറപ്പിനും സുരക്ഷിതത്വത്തിനും വംശവർധനവിനുമൊക്കെയായി ഇസ്‌ലാം നിശ്ചയിച്ച ഒന്നാണ് വിവാഹം. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇത് കേവലം ചടങ്ങ് മാത്രമല്ല; സ്രഷ്ടാവായ റബ്ബിനെ അനുസരിക്കുന്ന ഇബാദത്ത് കൂടിയാണ്.

ഇസ്‌ലാമിലെ വിവാഹം വളരെ ലളിതമായ ഒരു ചടങ്ങാണ്. വധുവിനെ ഏറ്റെടുക്കുന്ന വരൻ വധുവിന്റെ രക്ഷിതാവിനോട് അല്ലാഹുവിന്റെ നാമത്തിൽ സാക്ഷികളുടെ സാന്നിധ്യത്തിൽ നടത്തുന്ന ദൃഢമായ ഒരു കരാറാണ് നികാഹ്. സാമ്പത്തിക ശേഷിക്കനുസരിച്ച് വിവാഹസദ്യ നൽകുകയുമാകാം. പവിത്രമായ ആ കർമത്തിൽ മതവിരുദ്ധമായ ഒരു ആചാരവും കടന്നുകൂടാതിരിക്കാൻ ശ്രമിക്കേണ്ടവരാണ് വിശ്വാസികൾ. എന്നാൽ ഇന്ന് വിവാഹരംഗം പലവിധ ആഭാസങ്ങളാൽ ദുഷിച്ചുപോയിരി ക്കുന്നു. അത് പൊങ്ങച്ചത്തിന്റെയും പത്രാസിന്റെയും ധൂർത്തിന്റെയും പ്രതീകമായി മാറിക്കൊണ്ടിരിക്കുകയാണ്.

എല്ലാ രംഗത്തും ഇതരസമുദായങ്ങൾക്ക് ഉത്തമ മാതൃക കാണിക്കേണ്ട ഒരു മതത്തിന്റെ അനുയായികൾ വിവാഹരംഗത്ത് പലവിധ കോപ്രായങ്ങളും കാട്ടി മതത്തെ പരിഹസിക്കാനുള്ള അവസരമൊരുക്കുകയാണ് ചെയ്യുന്നത്. നിക്കാഹിനു മുമ്പുതന്നെ ഇന്ന് ആഘോഷങ്ങൾ പൊടിക്കുകയാണ്. നിക്കാഹിലൂടെയല്ലാതെ ഒരു പുരുഷന് ഒരു സ്ത്രീ അനുവദനീയമാവുകയില്ല എന്നിരിക്കെ വിവാഹമുറപ്പിച്ചതിന്റെ പേരും പറഞ്ഞ് 'സേവ് ദി ഡേറ്റ്' വീഡിയോ നിർമിക്കാൻ കൈകോർത്ത് ക്യാമറക്കു മുമ്പിൽ പാടത്തും പറമ്പിലുമൊക്കെ കറങ്ങുകയാണ്. അഭിമാനത്തോടെ വീഡിയോയും ഫോട്ടോകളും സ്റ്റാറ്റസും റീലുമൊക്കെ ആക്കുകയാണ്.

മൂന്നും നാലും അഞ്ചും ദിവസങ്ങൾ നീണ്ടുനിൽക്കുന്നതാണ് ഇന്ന് പലരുടെയും കല്യാണങ്ങൾ; പല പേരുകളിൽ അറിയപ്പെടുന്ന കല്യാണങ്ങൾ! ആ ദിവസങ്ങളിലൊക്കെയും കല്യാണപ്പെണ്ണിനും കുടുംബക്കാർക്കും പ്രത്യേകം പ്രത്യേകം ഡ്രസ്സുകളാണ്. ഫോട്ടോഷൂട്ട് എന്ന പേരിൽ ഒരു അന്യ പുരുഷന്റെ മുമ്പിൽ ഏതു വിധേനയും നിന്നുകൊടുക്കുന്ന ആഭാസത്തിന് എന്ത് പേരാണ് വിളിക്കേണ്ടത്? സ്റ്റേജിൽ വെച്ച് വീഡിയോക്കുവേണ്ടി വട്ടംകറക്കലും കെട്ടിപ്പിടിക്കലും നടക്കുന്നു. ഒരു പ്രദർശന വസ്തുവായി തന്റെ ഇണയെ മാറ്റാൻ ഒരു ലജ്ജയുമില്ലാത്ത വരൻ! സ്റ്റേജിൽ നടക്കുന്ന മറ്റ് ആഭാസങ്ങൾ വിവരണാതീതമാണ്. പാട്ടും ഒപ്പനയും ഡാൻസും ഗാനമേളയും എന്തിനേറെ ഡിജെ പാർട്ടികൾ വരെ ഇന്ന് ചില കല്യാണങ്ങളിൽ കാണാം.

ഒരു സാധു കുടുംബത്തിലെ കുട്ടിയുടെ നിക്കാഹിന് രണ്ടു ദിവസം മുമ്പ്, അടുത്ത പരിചയമുള്ളതിനാൽ ഒരു സൗഹൃദ സന്ദർശനത്തിനു പോയി. ചെന്നപ്പോൾ ആ വീട്ടിൽ ഏതാനും സ്ത്രീകൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. കല്യാണപ്പെണ്ണിനെ തിരക്കിയപ്പോൾ 'ഇന്ന് രംഗോളിയല്ലേ, ഫോട്ടോ ഷൂട്ടിന് പുറത്തുപോയിരിക്കുന്നു' എന്നായിരുന്നു മറുപടി. മൈലാഞ്ചിക്കല്യാണം ഇന്നലെ കഴിഞ്ഞു എന്നും വിശദീകരണം കേട്ടു. 'നിങ്ങൾ അങ്ങോട്ടേക്ക് വരുന്നില്ലേ, ഇന്ന് എല്ലാവർക്കും പച്ച ഡ്രസ്സാണ്'-വളരെ ആവേശത്തോടെ അവർ പറഞ്ഞു. ഇല്ലെന്ന മറുപടിയിൽ ചിലർ നെറ്റി ചുളിച്ചു.

ഇത്തരം ആഭാസങ്ങൾക്ക് ന്യൂജനറേഷനെ പഴിപറഞ്ഞ് രക്ഷപ്പെടാൻ രക്ഷിതാക്കൾക്ക് കഴിയുമോ? കരിമരുന്നു പ്രയോഗവും ജെസിബിയിലും മറ്റും വധൂവരന്മാരെ ആനയിക്കലും അടക്കം എന്തെല്ലാം തോന്ന്യാസങ്ങളാണ് നടക്കുന്നത്! അതിലൊക്കെ എന്താ പ്രശ്നം, കുട്ടികൾ സന്തോഷിക്കട്ടെ എന്ന് വളരെ ലാഘവത്തോടെ പറയുന്ന കാരണവൻമാരുമുണ്ട് എന്നതാണ് സങ്കടകരം. തെറ്റ് ചൂണ്ടിക്കാട്ടുന്നവർ പരിഹസിക്കപ്പെടുകയും ചെയ്യുന്നു. ■

# മതത്തിലെ തീവ്രത; ആത്മനാശത്തിന്റെ വഴി

ഷാഹിൻ പയ്യോളി
അൽഹിക്മ അറബിക് കോളേജ്, എടത്തനാട്ടുകര

വിശുദ്ധ ഇസ്‌ലാം പഠിപ്പിക്കുന്നത് ലളിതവും പ്രായോഗികവുമായ ഒരു ജീവിതചര്യയാണ്. മനുഷ്യന് താങ്ങാൻ കഴിയാത്ത ഒരു ബാധ്യതയും അല്ലാഹു മതത്തിൽ നിശ്ചയിച്ചിട്ടില്ല. എന്നാൽ മതത്തിന്റെ പേരിൽ അനാവശ്യമായ കടുംപിടുത്തങ്ങളും പ്രമാണങ്ങളില്ലാത്ത കാർക്കശ്യങ്ങളും കടത്തിക്കൂട്ടുന്നത് അതിന്റെ യഥാർഥ ചൈതന്യത്തെ തകർക്കുന്നതാണ്. നബി(സ്വ) കൂടുതൽ ഭയപ്പെട്ടതും ഗൗരവത്തോടെ മുന്നറിയിപ്പ് നൽകിയതുമായ ഒരു കാര്യമാണിത്.

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "അമിതകാർക്കശ്യം കാണിക്കുന്നവർ (മുതനത്ത്വിഊൻ) നശിച്ചിരിക്കുന്നു.' മൂന്ന് തവണ നബി(സ്വ) ഇത് ആവർത്തിച്ചു പറഞ്ഞു" (മുസ്‌ലിം).

വാക്കുകളിലും പ്രവൃത്തികളിലും അനാവശ്യമായ ആഴത്തിൽ ഇറങ്ങിച്ചെല്ലുന്നവരെയും മതം നിശ്ചയിച്ച പരിധി കടന്ന് തീവ്രത കാണിക്കുന്നവരെയുമാണ് 'മുതനത്ത്വിഊൻ' എന്ന് വിശേഷിപ്പിക്കുന്നത്. അവർക്ക് നാശമാണെന്ന് മൂന്ന് തവണ ആവർത്തിച്ചു പറഞ്ഞതിലൂടെ ഈ പ്രവണത സമുദായത്തിന് എത്രത്തോളം അപകടകരമാണെന്ന് വ്യക്തമാകുന്നു.

മനുഷ്യസാധ്യമായതിനപ്പുറം അല്ലെങ്കിൽ ശരീഅത്ത് കൽപിക്കാത്ത കാര്യങ്ങൾ കടുപ്പമേറിയ രീതിയിൽ സ്വയം നിർബന്ധമാക്കുന്നതിനെ 'തകല്ലുഫ്' എന്ന് പറയുന്നു. ഇത് പലപ്പോഴും ദീനിനോടുള്ള അമിത സ്നേഹമായിട്ടാണ് തോന്നിപ്പിക്കുകയെങ്കിലും ഫലത്തിൽ അത് ഇസ്‌ലാം പഠിപ്പിച്ച 'മിതത്വത്തിന്' വിരുദ്ധമാണ്. അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: ഇതിന്റെ പേരിൽ നിങ്ങളോട് ഞാൻ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. ഞാൻ കൃത്രിമം കെട്ടിച്ചമയ്ക്കുന്നവരുടെ (തകല്ലുഫ് നടത്തുന്നവരുടെ) കൂട്ടത്തിലുമല്ല" (സൂറതുസ്സ്വാദ്: 86)

പ്രബോധന രംഗത്ത് ഇന്ന് ചിലർ കാണിക്കുന്ന അമിത കാർക്കശ്യങ്ങൾ ദീനിന്റെ ഗുണകാംക്ഷാപരമായ മുഖത്തെ വികൃതമാക്കുന്നുണ്ട്. പ്രമാണങ്ങളെ സ്വന്തം താൽപര്യങ്ങൾക്കനുസരിച്ച് വ്യാഖ്യാനിക്കുകയും പ്രമാണങ്ങളിലേക്ക് മടങ്ങാൻ പറയുന്നവരെ ബിദ്അത്തുകാരെന്നും മറ്റും മുദ്രകുത്തുകയും ചെയ്യുന്നത് പ്രവാചകൻ(സ്വ) പഠിപ്പിച്ച മൻഹജിന് ചേർന്നതല്ല. അറിവില്ലാത്ത സാധാരണക്കാരെ പോലും അനാവശ്യമായ തർക്കങ്ങളിലേക്കും വസ്‌വാസുകളിലേക്കും നയിക്കുന്ന ശൈലി അവരെ ദീനിൽനിന്ന് അകറ്റാനേ ഉപകരിക്കൂ.

ഇസ്‌ലാമിന്റേത് ഏത് വിഷയത്തിലും മധ്യമ നിലപാടാണ്. ദീനിന്റെ നിയമങ്ങൾ പാടെ അവഗണിക്കുന്ന അലസതയും, ദീനിന്റെ പേരിൽ നിയമങ്ങൾ കടുപ്പിക്കുന്ന തീവ്രതയും ഇസ്‌ലാം അംഗീകരിക്കുന്നില്ല. നബി(സ്വ) പറഞ്ഞു: "തീർച്ചയായും ഈ മതം എളുപ്പമുള്ളതാണ്. ആരെങ്കിലും ഇതിനെ കടുപ്പമുള്ളതാക്കാൻ ശ്രമിച്ചാൽ മതം അവനെ പരാജയപ്പെടുത്തും. അതിനാൽ നിങ്ങൾ നേരായ വഴി സ്വീകരിക്കുക, മിതത്വം പാലിക്കുക" (ബുഖാരി).

ഇസ്‌ലാമിക പ്രബോധന രംഗത്ത് പ്രവർത്തിക്കുന്നവർ പ്രത്യേകിച്ചും ശ്രദ്ധിക്കേണ്ട കാര്യമാണിത്. ജനങ്ങൾക്ക് മതം എളുപ്പമാക്കിക്കൊടുക്കാനാണ് നബി(സ്വ) കൽപിച്ചത്. പ്രമാണങ്ങളുടെ പിൻബലമില്ലാതെ, തീവ്ര നിലപാടുകളിലൂടെ ദീനിനെ പ്രയാസകരമാക്കുന്നവർ സ്വന്തം നാശമാണ് വിളിച്ചുവരുത്തുന്നത്. അല്ലാഹു നമുക്ക് നൽകിയ ഇളവുകൾ സ്വീകരിക്കുന്നത് അവന് ഇഷ്ടമുള്ള കാര്യമാണ്. അതിനാൽ അമിത കാർക്കശ്യത്തിന്റെ വഴി ഉപേക്ഷിക്കുകയും മധ്യമ നിലപാടിലൂടെ അല്ലാഹുവിങ്കലേക്ക് അടുക്കാൻ ശ്രമിക്കുകയും ചെയ്യുക. ■

# ഇൻ ശാ അല്ലാഹ്

റസീന വെളിയങ്കോട്



‘ഇൻ ശാ അല്ലാഹ്
വരാം നാളെ’യെന്നേറ്റവർ,
വരാൻ പാകത്തിലെത്തിയിട്ടും
വരാനാകാത്തവർ!

വരില്ലെന്നോതിയവർ-പക്ഷേ,
വരാൻ വിധിക്കപ്പെട്ടവർ.
വരവും കാത്തിരുന്നവർ,
വരില്ലെന്നറിയേണ്ടിവന്നവർ.

വരാത്തവർക്കറിയില്ല,
വന്നവർക്കുമറിയില്ല-ചില
വാക്കുകളുടെയർഥവും
വരികൾക്കിടയിലെയനർഥവും.

പറയരുതൊരിക്കലും നീ
‘നാളെ ഞാൻ ചെയ്യു’മെന്ന്
‘ഇൻശാ അല്ലാഹ്’
പറയാതെയെന്നുടയോൻ.

കൊതിച്ചതെല്ലാം നടക്കുകില്ല,
വിധിച്ചതു മാത്രം നടക്കും.
എത്ര നാം ആണയിട്ടാലും
റബ്ബ് വിധിച്ചതേ നടക്കൂ.

‘ഇൻ ശാ അല്ലാഹ്’ എന്നത്
എത്രമേൽ ശക്തമാം വാക്ക്!
ഉള്ളിലഹങ്കാരമില്ലേൽ
മാത്രം പറയുന്ന വാക്ക്.

സൃഷ്ടികർത്താവിന്റെ തീരുമാനം
എത്ര നന്നായെന്ന്
ജീവിതത്തിതിൽ പലപ്പോഴും
തോന്നിയിട്ടില്ലേ?



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 27 June 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: `10/-

To the **Right Goal**
Through the **Right Path**

wisdomstudents

30th
WISDOM
# PROFCON
PROFESSIONAL STUDENTS GLOBAL CONFERENCE



2026
## SEPTEMBER
## 11 12 13

# PALAKKAD

WISDOM students
KERALA STATE COMMITTEE
CV COMPLEX, PV SWAMI ROAD - CALICUT